

വാർത്താമാസിക

# ടൈംസ് ഓഫ് അമേരിക്ക

# TIMES of AMERICA

2015
മാർച്ച്
Volume VI Issue 67

Times of America Online Monthly News Journal.
web:**mytimesofamerica.com**

Tel: 267-991-2111
e-mail:**timesofamerica@yahoo.com**


വിചാരലോകം ▶ 12

## ഗുണ്ടർട്ടിന്റെ നാട്ടിൽ നിന്നെത്തിയ പെൺകുട്ടി





ജോർജ് തഴക്കര



## ക്ഷേമപധതികളുമായി കേന്ദ്ര ബജറ്റ്



# ഇറാൻ പ്രശ്നം: ബിൽ വീറ്റോ ചെയ്യുമെന്ന് ഒബാമ



*വാഷിംഗ്ടൺ:* ഇറാനെതിരേ കൂടുതൽ നടപടികൾ ആവശ്യപ്പെടുന്ന ബിൽ കോൺഗ്രസ് പാസാക്കുന്നതിനെതിരേ ഒബാമ മുന്നറിയിപ്പു നൽകി.

ബിൽ തന്റെ മുന്നിലെത്തിയാൽ വീറ്റോ ചെയ്യുമെന്ന് അദ്ദേഹം വ്യക്തമാക്കിയതായി വൈറ്റ്ഹൗസ് വക്താവ് ബർണദീത്ത മീഹാൻ പറഞ്ഞു.

ആണവക്കരാർ ഉണ്ടാക്കുന്നതു സംബന്ധിച്ച് യുഎസും മറ്റു വൻശക്തികളും ഇറാനുമായി ചർച്ച നടത്തുകയാണ്. അന്തിമ കരാറുണ്ടാക്കിയാൽ അഞ്ചുദിവസത്തിനകം കോൺഗ്രസിൽ സമർപ്പിക്കണമെന്നാണ് ബില്ലിലെ നിർദേശം. ഇറാന് എതിരേയുള്ള ഉപരോധം ഒഴിവാക്കരുതെന്നും ബില്ലിൽ നിർദേശിച്ചിരിക്കുന്നു. ഇറാൻ പ്രശ്നത്തിനു രമ്യമായ പരിഹാരം ഉണ്ടാക്കുന്നതിനുള്ള അവസരം പ്രദാനം ചെയ്യുകയാണ് ആവശ്യമെന്നു മീഹാൻ പറഞ്ഞു. അതിനുപകരം പ്രശ്നം സങ്കീർണമാക്കരുത്.

# 175 ഭീകരരെ കൊലപ്പെടുത്തി

*ഡമാസ്കസ്:* ഐഎസിനെതിരേ സിറിയയിൽ പോരാടുന്ന കുർദിഷ് പീപ്പിൾസ് പ്രൊട്ടക്ഷൻ ഫോഴ്സ്(വൈപിജി) 175 ഭീകരരെ കൊലപ്പെടുത്തി.

ഇതിനിടെ ഹസാക്ക പ്രവിശ്യയിൽ തൽതമാർ പട്ടണത്തിലെ ഐഎസ് കേന്ദ്രങ്ങളിൽ സിറിയൻ യുദ്ധവിമാനങ്ങൾ ഇന്നലെ ആക്രമണം നടത്തിയതായി റിപ്പോർട്ടുണ്ട്. അസീറിയൻ ക്രൈസ്തവർക്കു പ്രാമുഖ്യമുള്ള സ്ഥലമാണ് തൽതമാർ. ഇതിനു ചുറ്റുമുള്ള ഗ്രാമങ്ങളിൽ നിന്ന് 220 അസീറിയൻ ക്രൈസ്തവരെ ഈയിടെ ഐഎസ് പിടികൂടിയിരുന്നു. ഇവരെ അൽഷദാദ് പട്ടണത്തിലേക്ക് ബന്ദികളായി കൊണ്ടുപോയി.

# റഷ്യൻ പ്രതിപക്ഷ നേതാവ് നെംറ്റ്സോവ് മോസ്കോയിൽ വെടിയേറ്റു മരിച്ചു



*മോസ്കോ:* മുൻ റഷ്യൻ ഉപപ്രധാനമന്ത്രിയും പ്രതിപക്ഷ നേതാവും പ്രസിഡന്റ് പുടിന്റെ കടുത്ത വിമർശകനുമായ ബോറിസ് നെംറ്റ്സോവ് (55) വെള്ളിയാഴ്ച രാത്രി സെൻട്രൽ മോസ്കോയിൽ അജ്ഞാതരുടെ വെടിയേറ്റു മരിച്ചു.

ഭരണസിരാകേന്ദ്രമായ ക്രെംലിനിലെ ചുവപ്പുകോട്ടയ്ക്കു സമീപം മോസ്കോവാ നദിക്കു കുറുകെയുള്ള പാലത്തിൽ യുക്രെയിൻകാരിയായ സുഹൃത്തുമൊത്തു നടക്കുമ്പോഴായിരുന്നു ആക്രമണം. കാറിലെത്തിയ ആക്രമികൾ അദ്ദേഹത്തിനുനേരേ ആറോ ഏഴോ തവണ വെടിയുതിർത്തതായാണു റിപ്പോർട്ട്. പുറത്തു നാലുവെടിയേറ്റ നെംറ്റ്സോവ് തത്ക്ഷണം മരിച്ചു. കൂട്ടുകാരിക്കു പരിക്കില്ല.

പുടിന്റെ ദുർഭരണത്തിനെതിരേയും യുക്രെയ്നിലെ റഷ്യൻ ഇടപെടലിന് എതിരേയും ഇന്ന് മോസ്കോയിൽ നടത്താനിരുന്ന റാലിക്കു നേതൃത്വം നൽകാനിരിക്കെയാണ് നെംറ്റ്സോവ് കൊല്ലപ്പെട്ടത്.







9

10

11

12





## നോർത്ത് ടെക്സസിൽ അത്യപൂർവ മഞ്ഞുവീഴ്ച: ഡാളസിൽ മാത്രം 617 വാഹനാപകടം

*ഡാളസ്:* ഫെബ്രുവരി 27നു (വെള്ളി) രാവിലെ ആരംഭിച്ച കനത്ത മഞ്ഞുവീഴ്ച ടെക്സസിലെ ജനങ്ങൾക്ക് അത്യപൂർവ അനുഭവമായി.

വിന്റർ സീസൺ ആരംഭിച്ചതിനുശേഷം ആദ്യമായാണു കനത്ത മഞ്ഞുവീഴ്ച. നോർത്ത് ടെക്സസിലെ ജനജീവിതം സ്തംഭിപ്പിച്ചത് വ്യാഴാഴ്ച അർധരാത്രി മുതൽ വെള്ളിയാഴ്ച വൈകിട്ട് ആറു വരെ. 617 റോഡപകടങ്ങളാണു ഡാളസ് ഫോർട്ട് വർത്ത് മേഖലയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടതെന്നു ഡാളസ് പോലീസ് പറഞ്ഞു.

ഈ വാരാന്ത്യം ഐസ് മഴയോടെയാണു കാലാവസ്ഥയിൽ കാര്യമായ വ്യതിയാനം സംഭവിച്ചത്. രണ്ടു ദിവസം പൂർണമായും അടഞ്ഞു കിടന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തനം ആരംഭിച്ചുവെങ്കിലും പല വിദ്യാലയങ്ങൾക്കും അവധി നൽകുകയോ, നേരത്തെ അടയ്ക്കുകയോ ചെയ്തിരുന്നു. റോഡിൽ അടിഞ്ഞുകൂടിയ മഞ്ഞ് നീക്കം ചെയ്യുന്നതിനു രാവിലെ മുതൽതന്നെ സിറ്റി ജീവനക്കാർ ശ്രമം ആരംഭിച്ചു.

നിരത്തിലിറങ്ങിയ പല വാഹനങ്ങളും മണിക്കൂറോളമാണു റോഡിൽ കുടുങ്ങി. ഐസ് മൂലം തെന്നി നീങ്ങിയ വാഹനങ്ങൾ റോഡിൽ തടസമുണ്ടാക്കിയതാണ് ഇതിനു കാരണം. ഡാളസ് ഫോർട്ട് വിമാനത്താവളത്തിൽ വന്നിറങ്ങേണ്ട 240 ഉം പുറപ്പെടേണ്ട 200 വിമാനങ്ങളാണ് കാൻസൽ ചെയ്തത്. വെള്ളിയാഴ്ച താപനില ഇനിയും താഴുവാൻ സാധ്യതയുള്ളതിനാൽ ശനിയാഴ്ച സ്ഥിതി കൂടുതൽ വഷളാകാം എന്നാണു മുന്നറിയിപ്പ്. ശനിയാഴ്ച യാത്രയ്ക്കിറങ്ങുന്നവർ മുൻകൂട്ടി വിവരങ്ങൾ തിരക്കിയതിനുശേഷം മാത്രമേ പുറപ്പെടാവൂ എന്നും അധികൃതർ അറിയിച്ചിട്ടുണ്ട്. വാരാന്ത്യം നടക്കേണ്ട ക്ലാസുകൾ ഭൂരിഭാഗവും കാൻസൽ ചെയ്തതായി അറിയിച്ചിട്ടുണ്ട്.

## അമേരിക്കൻ കാഴ്ചയിൽ ഈയാഴ്ച അരുൺകുമാറുമായുള്ള അഭിമുഖം

**വിനോദ് കൊണ്ടൂർ**



*ന്യൂയോർക്ക്:* അമേരിക്കയിലെ ഭരണ സിരാകേന്ദ്രമായ വാഷിംഗ്ടണിൽ ഉന്നത സ്ഥാനം വഹിക്കുന്ന മലയാളിയായ അരുൺ കുമാർ പ്രത്യേക അതിഥിയായി ഈലക്കം അമേരിക്കൻ കാഴ്ചകളിൽ എത്തുന്നു. ഇത് ആദ്യമായാണ് അരുൺ കുമാർ അമേരിക്കയിൽനിന്നുള്ള ഒരു ടെലിവിഷൻ പരിപാടിയിൽ പങ്കെടുക്കുന്നത്. യുഎസ് ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സ്, ഇന്റർനാഷണൽ ട്രേഡ് അഡ്മിനിസ്ട്രേഷൻ ഡയറക്ടർ ജനറൽ (U.S. Department of Commerce International Trade Administration Director General) ആണ് അരുൺ കുമാർ. കഴിഞ്ഞ വർഷമാണ് പ്രസിഡന്റ് ഒബാമ അദ്ദേഹത്തെ ഈ ഉന്നത പദവിയിലേക്ക് നിയമിച്ചത്. ന്യൂയോർക്കിലെ സ്റ്റാറ്റൻ ഐലൻഡിൽനിന്നുള്ള ജോസ് ഏബ്രഹാം ആണ് അഭിമുഖം നടത്തിയത്.

## 66 ഇന്ത്യൻ മത്സ്യത്തൊഴിലാളികളെ ശ്രീലങ്കൻസേന പിടികൂടി

*കൊളംബോ:* അതിർത്തി ലംഘിച്ചു മത്സ്യബന്ധനം നടത്തിയെന്ന കുറ്റമാരോപിച്ച് 66 ഇന്ത്യൻ മത്സ്യത്തൊഴിലാളികളെ ശ്രീലങ്കൻ നാവികസേന പിടികൂടി. തമിഴ്നാട്, പോണ്ടിച്ചേരി എന്നിവിടങ്ങളിൽ നിന്നുള്ളവരാണു പിടിയിലായത്. 10 മത്സ്യബന്ധന ബോട്ടുകളും പിടിച്ചെടുത്തിട്ടുണ്ട്. മുല്ലത്തീവിന്റെ കിഴക്കൻ മേഖലയിൽ നിന്നാണു കഴിഞ്ഞദിവസം ഇവർ പിടിയിലായത്. തുറമുഖപട്ടണമായ ട്രിങ്കോമാലിയിലെ പോലീസിന് ഇവരെ കൈമാറും.

അതിനിടെ ഇന്ത്യൻ സമുദ്രാതിർത്തിക്കുള്ളിൽനിന്നാണ് മത്സ്യത്തൊഴിലാളികളെ ലങ്കൻ സേന കസ്റ്റഡിയിലെടുത്തതെന്ന വാദവുമായി തമിഴ്നാട്ടിലെ പട്ടാളി മക്കൾ കക്ഷി (പിഎംകെ) രംഗത്തെത്തി. കസ്റ്റഡിയിലെടുത്ത മുഴുവൻ തൊഴിലാളികളെയും വിട്ടയയ്ക്കാൻ കേന്ദ്രം അടിയന്തരമായി ഇടപെടണം

മത്സ്യത്തൊഴിലാളികളുടെ പ്രശ്നത്തിൽ കേന്ദ്ര സർക്കാർ ശ്രീലങ്കയ്ക്കു മുന്നറിയിപ്പ് നൽകണമെന്നും പിഎംകെ നേതാവ് ഡോ.എസ്. രാംദാസ് ആവശ്യപ്പെട്ടു.

## എക്യുമെനിക്കൽ ഫെലോഷിപ്പ് ഓഫ് ഇന്ത്യൻ ചർച്ചസ് പ്രാർത്ഥനാദിനം ആചരിക്കുന്നു



**ജോസ് മാളേയ്ക്കൽ**

*ഫിലാഡൽഫിയ:* എക്യുമെനിക്കൽ ഫെല്ലോഷിപ്പ് ഓഫ് ഇന്ത്യൻ ചർച്ചസ് ഇൻ ഫിലാഡൽഫിയ വനിതാഫോറത്തിന്റെ നേതൃത്വത്തിൽ വിശാല ഫിലാഡൽഫിയ റീജണിലെ ക്രൈസ്തവസമൂഹം മാർച്ച് ഏഴ് (ശനി) പ്രാർഥനാദിനമായി ആചരിക്കുന്നു.

സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് പള്ളിയിൽ രാവിലെ 9.30 മുതൽ ഒന്നുവരെ നടക്കുന്ന പ്രാർഥനാശുശ്രൂഷകൾക്കു നിരവധി വൈദികരും ഫെലോഷിപ്പ് ഭാരവാഹികളും വനിതാ വോളന്റിയർമാരും നേതൃത്വം നൽകും.

ഇംഗ്ലീഷിലും മലയാളത്തിലുമുള്ള പ്രാർഥനാസർവീസുകൾ, ക്രിസ്തീയ ഭക്തിഗാന ശുശ്രൂഷ, മുഖ്യാതിഥിയുടെ സന്ദേശം, ഫോക്കസ് രാജ്യമായ ഈജിപ്തിനെക്കുറിച്ചുള്ള പവർപോയിന്റ് പ്രസന്റേഷൻ, ബൈബിൾ സ്കിറ്റ്, സ്നേഹവിരുന്ന് എന്നിവയായിരിക്കും ദിനാചരണത്തിന്റെ പ്രധാന ഇനങ്ങൾ.

ബോസ്റ്റൺ കാർമൽ മാർത്തോമ ചർച്ച് വികാരി റവ. സാം ടി. പണിക്കരുടെ സഹധർമ്മിണി സീനാ ഏബ്രാഹം ആണ് ഈ വർഷത്തെ ബൈബിൾ പ്രഭാഷക. പീരുമേട് മാർ ബസേലിയോസ് കോളജ് ഓഫ് എൻജിനിയറിംഗ് ഉൾപ്പെടെ പല കോളജുകളിലും സ്കൂളുകളിലും അധ്യാപികയായിരുന്ന സീന ബൈബിൾ പണ്ഡിതയും എഴുത്തുകാരിയും ധ്യാനപ്രസംഗകയുമാണ്. ബൈബിളിലെ സ്ത്രീ കഥാപാത്രങ്ങളെ കേന്ദ്രീകരിച്ച് പല കോൺഫറൻസുകളിലും പ്രഭാഷണങ്ങൾ നടത്തിയിട്ടുണ്ട്.

ആഗോളപ്രാർഥനാദിനം സമുചിതമായി ആചരിക്കുന്നതിനുവേണ്ടി ചെയർമാൻ റവ. ഷാജി എം. ഈപ്പൻ, കോ-ചെയർമാൻ റവ. ഫാ. ഷിബു വി. മത്തായി, റിലിജിയസ് ആക്ടിവിറ്റീസ് ചെയർമാൻ റവ. ഡെന്നിസ് ഏബ്രാഹം, സെക്രട്ടറി ആനി മാത്യു, വിമൻസ് ഫോറം കോഓർഡിനേറ്റർമാരായ സുമാ ചാക്കോ, സാലു യോഹന്നാൻ, വേൾഡ് ഡേ പ്രെയർ കോ-ഓർഡിനേറ്റർ നിർമല ഏബ്രാഹം എന്നിവരടങ്ങുന്ന വിപുലമായ കമ്മിറ്റി പ്രവർത്തിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്: റവ. ഷാജി എം. ഈപ്പൻ: 610 644 3044, ആനി മാത്യു: 215 673 7545, സുമാ ചാക്കോ: 215 268 2963, സാലു യോഹന്നാൻ: 215 322 8222, നിർമല ഏബ്രഹാം: 302 239 7119.

## മലങ്കര സഭയിലെ രണ്ടു സഭാ വിഭാഗങ്ങളുടെയും ഐക്യമാണ് പ്രധാനം: സുന്നഹദോസ് സമാപിച്ചു

**ജോൺസൺ പുഞ്ചക്കോണം**



*ന്യൂയോർക്ക്:* മലങ്കര സഭാ അന്തരീക്ഷത്തിൽ നിലനിൽക്കുന്ന സംഘർഷം മാറി സമാധാനം കൈവരുത്തുക എന്നത് സഭയുടെ പ്രാഥമികമായ ലക്ഷ്യമാണ്. സമാധാനം എന്ന പദംകൊണ്ട് അർഥമാക്കുന്നതു ഭിന്നതയിൽ കഴിയുന്ന വിശ്വാസസമൂഹത്തിന്റെ ഐക്യമാണ്. അടുത്തകാലത്ത് കേരളം സന്ദർശിച്ച അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവാ സഭയിൽ ഇന്നു നിലിൽക്കുന്ന ഭിന്നത, സഭയെ സംബന്ധിച്ച് ദുരന്തമാണെന്നും അതിനുള്ള പരിഹാരം ഐക്യമാണ് എന്നും അദ്ദേഹം പത്രസമ്മേളനത്തിൽ പ്രസ്താവിച്ചിരുന്നു. ഈ നിലപാടിനെ മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസ് സ്വാഗതം ചെയ്യുന്നു. സഭാ സമാധാനം സഭയുടെ ജീവിതസാക്ഷ്യമായി മനസിലാക്കുകയും അതിനുള്ള ഏകമാർഗം ഒരേ വിശ്വാസമുള്ള മലങ്കര സഭയിലെ രണ്ടു സഭാ വിഭാഗങ്ങളുടെയും ഐക്യമാണ് എന്ന് സുന്നഹദോസ് ആവർത്തിച്ച് പ്രഖ്യാപിക്കുകയും ചെയ്യുന്നു.

ഐക്യം സൃഷ്ടിക്കുന്നതിനും നിലനിർത്തുന്നതിനും നിയമസാധ്യതയുള്ള മാർഗരേഖ ആവശ്യമാണ്. അതിനായി ഇരുകൂട്ടരും മലങ്കര സഭയെ സംബന്ധിച്ച 1995ലെ സുപ്രീംകോടതി വിധിയും കോടതി അംഗീകരിച്ച 1934ലെ സഭാ ഭരണഘടനയും ഐക്യത്തിന്റെ ചട്ടക്കൂട്ടായി സ്വീകരിക്കുക. ഇതിനുള്ളിലായിരിക്കണം സഭാ ഐക്യം യാഥാർഥ്യമാകേണ്ടത്. എങ്കിൽ മാത്രമേ ഐക്യത്തിനു നിയമസാധുതയും സമാധാനത്തിനു നിലനിൽപ്പും ഉണ്ടാകൂ എന്നും സുന്നഹദോസ് വിലയിരുത്തുന്നു.

1934ലെ മലങ്കര സഭാ ഭരണഘടനയും 1995ലെ സുപ്രീംകോടതി വിധികളും പരിശുദ്ധ പാത്രിയർക്കീസ് ബാവായും ഔപചാരികമായി അംഗീകരിക്കേണ്ടതുണ്ട്. മേൽപറഞ്ഞ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ സഭാ ഐക്യം പുഃസ്ഥാപിക്കുവാൻ പരിശുദ്ധ പാത്രിയർക്കീസ് ബാവാ സമ്മതിക്കുന്നപക്ഷം മലങ്കരസഭ, ഐക്യത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ദൈവത്തിൽ ആശ്രയിച്ച് ഐക്യമത്യത്തോടെ സഭയുടെയും സമൂഹത്തിന്റെയും നന്മയ്ക്കായി പ്രവർത്തിച്ച് മുന്നേറണമെന്നു പരിശുദ്ധ ബസേലിയോസ് മാർത്തോമ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ യോഗത്തിൽ അധ്യക്ഷത വഹിച്ച് പ്രസംഗിക്കുകയായിരുന്നു കാതോലിക്കാ ബാവാ.

ഫെബ്രുവരി 23നു ദേവലോകം കാതോലിക്കേറ്റ് അരമനയിൽ ആരംഭിച്ച യോഗം 27നു സമാപിച്ചു.

കോട്ടയം വൈദീക സെമിനാരിയുടെയും നാഗ്പൂർ സെമിനാരിയുടെയും വൈസ്പ്രസിഡന്റുമാരായി ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഗീവർഗീസ് മാർ കൂറിലോസ് എന്നിവരെ നിയമിക്കാനും ഫാ. ഡോ. ജേക്കബ് കുര്യൻ കാലാവധി പൂർത്തിയാക്കുന്ന ഒഴിവിലേക്കു ഫാ. ഡോ. ഒ. തോമസിനെ കോട്ടയം പഴയ സെമിനാരി പ്രിൻസിപ്പലായി നിയമിക്കാനും സുന്നഹദോസ് തീരുമാനിച്ചു.

# കേരളവികസനത്തിൽ സങ്കുചിത രാഷ്ട്രീയം പാടില്ല: വി.എസ്



കോട്ടയം: കേരള വികസനത്തിൽ സങ്കുചിത രാഷ്ട്രീയ വേർതിരിവുകൾ പാടില്ലെന്നു പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ.

കാർഷിക വ്യാവസായിക മേഖലയിൽ കേരളം പിന്നോട്ടുപോകുന്ന അവസ്ഥയ്ക്കു മാറ്റം ഉണ്ടാകണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

അരിയും രണ്ടായിരം കോടി രൂപയുടെ പച്ചക്കറിയും ഉൾപ്പെടെ ഭക്ഷണസാധനങ്ങൾക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന കേരളം നാണ്യവിളകൾക്ക് വഴിമാറി. റബർ ഉൾപ്പെടെയുള്ള നാണ്യവിളകൾക്കുണ്ടായ വിലയിടിവ് സാമ്പത്തിക മേഖലയുടെ അടിത്തറ തകർത്തു- സിപിഐ സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് തിരുനക്കര മൈതാനത്തു നടത്തിയ വികസന സെമിനാർ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അച്യുതാനന്ദൻ.

വിദ്യാഭ്യാസം, ആയുർദൈർഘ്യം എന്നിവയിൽ കേരളം ഏറെ നേട്ടങ്ങളുണ്ടാക്കിയെന്ന് അവകാശപ്പെടുമ്പോഴും ശിശുമരണം, കർഷക ആത്മഹത്യ, തൊഴിലില്ലായ്മ തുടങ്ങി നിരവധി പ്രതിസന്ധികൾ സംസ്ഥാനത്തുണ്ട്.

പരിസ്ഥിതിവാദം, മൂലധനത്തിന്റെ കുറവ്, ഭൂമിയുടെ ലഭ്യതക്കുറവ് എന്നിവ കേരള വികസനത്തിനു വിഘാതം സൃഷ്ടിക്കാൻ പാടില്ല. അതേസമയം വൻകിട ഭൂമാഫിയകളും റിസോർട്ട് കമ്പനികളും സർക്കാർ ഭൂമി കൈയേറുന്ന സാഹചര്യം അവസാനിച്ചേ തീരൂ. ജലചൂഷണം, പാറ മണൽ ഖനനം എന്നിവ തടയണം. ജലവും പാറയും മണ്ണും പ്രകൃതിയുടെ നിലനിൽപിന് അടിസ്ഥാന ഘടങ്ങളാണ്.

സംസ്ഥാനം രൂപീകൃതമായതിനുശേഷം റോഡ് വികസനത്തിൽ കേരളം പിന്നോട്ടുപോയി. അതേസമയം വാഹനങ്ങളുടെ എണ്ണം 200 മടങ്ങോളം വർധിക്കുകയും ചെയ്തു. ഇത് മലിനീകരണം, ഗതാഗതസ്തംഭനം, ഇന്ധനനഷ്ടം എന്നിവയ്ക്ക് കാരണമാകുന്നു. വൈദ്യുതി, ഗതാഗതം എന്നിവയിലെ പരിമിതി പരിഗണിച്ചാൽ ചെറുകിട വ്യവസായങ്ങൾക്കാണ് ഇനി പരിഗണന നൽകേണ്ടത്- അദ്ദേഹം തുടർന്നു.

ഡോ.മാത്യു കുഴൽനാടൻ, പ്രഫ. പി.എ. വാസുദേവൻ, സി.എൻ.ജയദേവൻ എംപി, അഡ്വ. സി.ജി. സേതുലക്ഷ്മി, വി.ബി. ബിനു എന്നിവർ സെമിനാറിൽ പങ്കെടുത്തു. കെ. പ്രകാശ് ബാബു മോഡറേറ്ററായിരുന്നു. സിപിഐ സംസ്ഥാന സെക്രട്ടറി പന്ന്യൻ രവീന്ദ്രൻ, കാനം രാജേന്ദ്രൻ, സി. ദിവാകരൻ, സി.കെ. ശശിധരൻ, എന്നിവരും പങ്കെടുത്തു.

# ക്ഷേമപദ്ധതികളുമായി കേന്ദ്ര ബജറ്റ്



ന്യൂഡൽഹി: അടിസ്ഥാന സൗകര്യ മേഖലയിൽ 2015-16 കാലയളവിൽ 70,000 കോടി രൂപയുടെ നിക്ഷേപം വർധിപ്പിക്കാൻ ലക്ഷ്യമിടുന്നതായി ധനമന്ത്രി അരുൺ ജയ്റ്റ്ലി പറഞ്ഞു. ഇന്നത്തെ നിലയിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വളർച്ചാ സ്വപ്നങ്ങൾക്ക് അനുസൃതമല്ലെന്നു ബജറ്റ് അവതരിപ്പിച്ചുകൊണ്ടു ധനമന്ത്രി ചൂണ്ടിക്കാട്ടി. റോഡുകൾക്കുള്ള അടങ്കൽ 14,031 കോടി രൂപയും റെയിൽവേയുടേത് 10,050 കോടി രൂപയും വർധിപ്പിച്ചതായി അദ്ദേഹം അറിയിച്ചു.

ഒരു ദേശീയ നിക്ഷേപ അടിസ്ഥാനസൗകര്യ നിധി രൂപീകരിക്കും. പ്രതിവർഷം 20,000 കോടി രൂപ ഇതുവഴി ലഭ്യമാക്കും. ഐഐർഎഫ്സി, എൻഎച്ച്ബി എന്നീ അടിസ്ഥാനസൗകര്യ വിക സന ധനകാര്യ കമ്പനികൾക്ക് ഈ നിധി വഴി വായ്പയോ ഓഹരിയോ ലഭ്യമാക്കും.

## വിദേശനിക്ഷേപം മറച്ചുവച്ചാൽ ഏഴു വർഷം തടവ്

കള്ളപ്പണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യാനുള്ള പുതിയ 'ബ്ലാക്ക്മണി ബിൽ' പാർലമെന്റിന്റെ നടപ്പുസമ്മേളനത്തിൽ കൊണ്ടുവരുമെന്നു ധനമന്ത്രി അരുൺ ജയ്റ്റ്ലി കേന്ദ്ര ബജറ്റിൽ അറിയിച്ചു. ബജറ്റിലെ നികുതിനിർദേശങ്ങളിൽ ആദ്യത്തേതും സർവപ്രധാനവുമായ തൂണായിരിക്കും ഈ ബില്ലെന്നു മന്ത്രി പറഞ്ഞു.

വരുമാനവും ആസ്തിയും ഒളിപ്പിച്ചുവയ്ക്കുന്നവർക്കും വിദേശ ആസ്തികളുമായി ബന്ധപ്പെട്ടു തന്ത്രപൂർവം നികുതിയിൽനിന്ന് ഒഴിഞ്ഞുമാറുന്നവർക്കും 10 വർഷം വരെ കഠിനശിക്ഷ നൽകാൻ ബില്ലിൽ വ്യവസ്ഥയുണ്ട്. ഇങ്ങനെ വരുമാനവും സ്വത്തും മറച്ചുവയ്ക്കുന്ന കുറ്റകൃത്യങ്ങൾക്ക് 300 ശതമാനം നികുതി ചുമത്താനും വ്യവസ്ഥയുണ്ടാകും. റിട്ടേൺ ഫയൽ ചെയ്യാതിരിക്കുന്നതിനും റിട്ടേണുകളിൽ പര്യാപ്തമല്ലാത്ത വെളിപ്പെടുത്തലുകൾക്കും ഏഴു വർഷം വരെ കഠിനതടവുശിക്ഷ ഉറപ്പാക്കും.

സ്ഥാവര- ജംഗമ വസ്തുക്കൾ, ബാങ്കുകൾ, വ്യക്തികളുടേതുൾപ്പെടെയുള്ള സാമ്പത്തിക സ്ഥാപനങ്ങൾ എന്നിവയെ വിചാരണയുടെയും ശിക്ഷയുടെയും ബാധ്യതകളിൽനിന്ന് ഒഴിവാക്കും. 1999 ലെ ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ട് (ഫെമ), 2002ലെ പ്രിവൻഷൻ ഓഫ് മണി ലെൻഡിംഗ് ആക്ട് എന്നിവയും ഭേദഗതി ചെയ്യും. കള്ളപ്പണ നിരോധനം ലക്ഷ്യമിട്ട ബിനാമി ട്രാൻസാക്ഷൻസ് (നിരോധന) ബില്ലും നടപ്പു സെഷനിൽ കൊണ്ടുവരുമെന്നും മന്ത്രി അറിയിച്ചു. ഒരു ലക്ഷം രൂപയിൽ അധികമുള്ള എല്ലാ വിൽക്കൽ-വാങ്ങലുകൾക്കും പാൻ കാർഡ് നിർബന്ധമാക്കുമെന്നും മന്ത്രി പറഞ്ഞു.

## അതിവേഗ ദൃശ്യങ്ങൾക്കു മുന്നിൽ യുവാക്കൾ ചടഞ്ഞുകൂടുന്നു



തിരുവനന്തപുരം: അതിവേഗ പാട്ടുകൾക്കും ദൃശ്യങ്ങൾക്കും വേണ്ടി ടിവിക്കും കംപ്യൂട്ടറിനും മുന്നിൽ ചടഞ്ഞുകൂടി പോവുന്ന പുതിയ തലമുറയെ വായനയിലേക്ക് മടക്കിക്കൊണ്ടുവരേണ്ടതുണ്ടെന്ന് ഗവർണർ ജസ്റ്റിസ് പി. സദാശിവം.

പി.എൻ.പണിക്കറുടെ 106-ാമത് ജൻമദിനാഘോഷം കനകക്കുന്ന് കൊട്ടാരത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വായനയിലൂടെ അറിവു നേടാൻ പഠിപ്പിച്ച പി.എൻ. പണിക്കരുടെ സ്മരണ നിലനിർത്തി സാങ്കേതിവിദ്യയിലൂടെ ഈ ആശയം പ്രചരിപ്പിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പി.എൻ.പണിക്കറുടെ പേരിലുള്ള വിവിധ പുരസ്കാരങ്ങളും ഗവർണർ സമ്മാനിച്ചു.

സാഹിത്യത്തിനുള്ള പുരസ്കാരം ഡോ. ജോർജ് ഓണക്കൂറിനും മാധ്യമപ്രവർത്തനത്തിന് എം.ജി. രാധാകൃഷ്ണനും ഗ്രന്ഥശാല പ്രവർത്തനത്തിന് നെല്ലിമൂട് ശ്രീധരനും പഞ്ചായത്ത് കേന്ദ്രീകരിച്ചുള്ള പ്രവർത്തനത്തിന് വട്ടപ്പാറ ജയകുമാറിനും ഇ-സാക്ഷരതാ പ്രവർത്തനത്തിന് കെ. രാജേഷിനും പുരസ്കാരങ്ങൾ സമ്മാനിച്ചു.

പാലോട് രവി എംഎൽഎ അധ്യക്ഷനായിരുന്നു. നർമ്മദ കൺട്രോൾ അതോറിറ്റി അംഗം ഡോ. അഫ്രോസ് അഹമ്മദ്, സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ ടി.പി. ശ്രീനിവാസൻ, മുൻമന്ത്രി എം.വിജയകുമാർ, പി.എൻ.പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്ര വൈസ് ചെയർമാൻ എൻ. ബാലഗോപാൽ, ചെയർമാൻ ക്യാപ്റ്റൻ രാജീവ് നായർ എന്നിവർ പ്രസംഗിച്ചു.

## മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതി ഉൾപ്പെട്ട ഗ്രാമീണ വികസന മേഖലയ്ക്ക് 79,536 കോടി രൂപ

ഇഎസ്ഐ, പിഎഫ് നിയമങ്ങളിൽ ഭേദഗതി വരുത്തുമെന്നും ബജറ്റ് പ്രസംഗത്തിൽ മന്ത്രി പറഞ്ഞു. നിർഭയ പദ്ധതിക്ക് 1,000 കോടി രൂപ അധികമായി നല്കും. ആഭ്യന്തര കടവും വിദേശകടവും പുതിയ ഏജൻസിയുടെ കീഴിലാക്കാനും ബജറ്റിൽ പ്രഖ്യാപനമുണ്ട്.

ആദായനികുതി ദായകർക്കുള്ള ഇളവുപരിധി കൂട്ടിയില്ല. എന്നാൽ, ദേശീയ പെൻഷൻ പദ്ധതിക്ക് 50,000 രൂപ വരെ വിഹിതത്തിനു നികുതിയിളവു പ്രഖ്യാപിച്ചു. യാത്രാബത്തയ്ക്കുള്ള നികുതിയിളവ് പ്രതിമാസം 1,600 രൂപയാക്കി. നിലവിൽ ഇത് 800 രൂപയാണ്. പെൺകുട്ടികൾക്കുള്ള സുകന്യ സമൃദ്ധി യോജനയിലെ നിക്ഷേപങ്ങൾക്കു പൂർണ നികുതിയിളവു നൽകി. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് പദ്ധതി വിഹിതത്തിൽ ഒരു ലക്ഷം കോടി രൂപയുടെ കുറവു വരുത്തി.

രാജ്യത്തെ എല്ലാ പൗരന്മാർക്കുമായി പുതിയ ഇൻഷുറൻസ് പദ്ധതി പ്രഖ്യാപിച്ചു. 12 രൂപ വാർഷിക പ്രീമിയം അടച്ച് അംഗമാകുന്നവർക്കു രണ്ടു ലക്ഷം രൂപവരെ ഇൻഷുറൻസ് കവറേജ് ലഭിക്കും. മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ പേരിൽ പുതിയ പെൻഷൻ പദ്ധതി പ്രഖ്യാപിച്ചു. അടൽ പെൻഷൻ യോജന പദ്ധതിയിൽ 50 ശതമാനം പ്രീമിയം സർക്കാർ അടയ്ക്കും.

സ്പോർട്സ് വികസനത്തെക്കുറിച്ചു ബജറ്റ് പ്രസംഗത്തിൽ പരാമർശമേയില്ല. 52 ശതമാനം പേർ 25 വയസിൽ താഴെയുള്ള രാജ്യത്തു സ്പോർട്സിന് ഊന്നൽ നൽകാത്തതു നിരാശജനകമായി.

കഴിഞ്ഞ വർഷം 5,7,5000 കോടി രൂപയായിരുന്ന പദ്ധതി വിഹിതം ഇത്തവണ 4,65, 277 രൂപയായി വെട്ടിക്കുറച്ചു. പദ്ധതിയിതര ചെലവ് 13,12, 220 കോടി രൂപയാണ്. ഇതടക്കം മൊത്തം ചെലവ് 17,77, 477 കോടി രൂപയാണ്. നികുതിയിൽനിന്നു പ്രതീക്ഷിക്കുന്ന ആകെ വരവ് 14,49,490 കോടി രൂപയും സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതം 5,23,958 കോടി രൂപയുമാണ്.

പ്രതിരോധ മേഖലയ്ക്കുള്ള വിഹിതത്തിൽ കാര്യമായ വർധനയില്ല. മൊത്തം 2,46,727 കോടി രൂപയാണു പ്രതിരോധത്തിനായി വകയിരുത്തിയിട്ടുള്ളത്. വിദ്യാഭ്യാസ മേഖലയ്ക്ക് 68,968 കോടി രൂപയും, ആരോഗ്യ മേഖലയ്ക്ക് 33,152 കോടി രൂപയും, മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതി ഉൾപ്പെട്ട ഗ്രാമീണ വികസന മേഖലയ്ക്ക് 79,536 കോടി രൂപയും, ഭവന, നഗര വികസനമേഖലയ്ക്ക് 22,407 കോടി രൂപയും വനിതാ, ശിശു വികസനത്തിന് 10,351 കോടി രൂപയും, ജലവിഭവ, ഗംഗാ പുനരുജ്ജീവനത്തിന് 4,173 കോടി രൂപയുമാണു ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്.

## PEACE OF MIND CHARITIES, LLC
130 Alburger Ave, Philadelphia. PA 19115,



*ഫിലഡൽഫിയ:* പീസ് ഓഫ് മൈൻഡ് ചാരിറ്റീസിന്റെ നേതൃത്വത്തിൽ ടൈംസ് ഓഫ് അമേരിക്ക ഓൺ ലൈൻ ന്യൂസിന്റെയും കേരളത്തിൽ പ്രവർത്തിച്ചുവരുന്ന ഗുരു നിത്യ ചൈത ന്യ യതി ഫൗണ്ടേഷന്റെയും സഹകരണത്തിൽ ചികിത്സാ സഹായവും വിദ്യാഭ്യാസ സ്കോളർഷിപ്പും നൽകുവാനുള്ള പദ്ധതികൾക്ക് തുടക്കം കുറിച്ചിരിക്കുന്നു.

സാമ്പത്തിക ക്ലേശത്താൽ നട്ടംതിരിയുന്ന കുടുംബങ്ങൾക്ക് രോഗചികിത്സയ്ക്കും വിദ്യാഭ്യാസ സഹായത്തിനുമായി പീ സ് ഓഫ് മൈൻഡ് ചാരിറ്റീസ് ഫണ്ട് സമാഹരിക്കുന്നു.

നിങ്ങൾ നൽകുന്ന ജീവകാരുണ്യ തുക പീസ് ഓഫ് മൈൻ ഡിലൂടെ നിങ്ങൾ നിർദ്ദേശിക്കുന്ന അർഹതയുള്ള വ്യക്തികൾക്കു നൽകുവാനുള്ള പദ്ധതിയും ഇതോടൊപ്പം ചെയ് തുവരുന്നു.

അർഹരായവരുടെ കൈകളിൽ നിങ്ങൾ നൽകുന്ന സഹാ യം നൽകുവാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ജനനം, മാമോദിസ, വിവാഹം തുടങ്ങിയുള്ള ആഘോഷങ്ങളിൽ നി ന്നും ഒരു നിശ്ചിത തുക ജീവകാരുണ്യപ്രവർത്തനങ്ങൾ ക്കായി നീക്കിവയ്ക്കുവാൻ തീരുമാനിക്കുകയും നിങ്ങളുടെ സുഹൃത്തുക്കളോടും, ബന്ധുക്കളോടും ഇതിന്റെ ആവശ്യകതയെക്കുറിച്ചു ബോധ്യപ്പെടുത്തുകയും ചെയ്യുന്നതിലൂടെ അനേകരെ ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരുവാനും കൈപിടിച്ചുയർത്തുവാനും കഴിയും. അവരുടെ പ്രാർത്ഥന നിങ്ങളുടെ ജീവിതത്തെ കുറച്ചു കൂടി മെച്ചപ്പെടുത്തുവാൻ സഹായിക്കും.

# പത്തുവർഷം മുമ്പ് മരിച്ച ഇന്ത്യൻ ശാസ്ത്രജ്ഞയുടെ കേസ് പുനഃപരിശോധിക്കണമെന്ന്

പി.പി. ചെറിയാൻ



*ന്യൂജഴ്സി:* പത്തു വർഷം മുമ്പു ദുരൂഹസാഹചര്യത്തിൽ മരണമടഞ്ഞ ഇന്ത്യൻ ശാസ്ത്രജ്ഞ ഗീത അങ്കാരയുടെ കേസ് പുനഃപരിശോധിക്കണമെന്നു ഗീതയുടെ മൂത്ത മകളും സ്റ്റേറ്റ് ഡപ്യൂട്ടി ജനറലുമായ പവിത്ര ആവശ്യപ്പെട്ടു.

2005 ഫെബ്രുവരി എട്ടിനു വീട്ടിൽനിന്നു ജോലി സ്ഥലത്തെത്തിയ ഗീത രാവിലെ പത്തോടെ അപ്രത്യക്ഷമാവുകയായിരുന്നു. മുപ്പതു മണിക്കൂറുകൾക്കു ശേഷം ജോലി സ്ഥലത്തെ 35 അടി താഴ്ചയുള്ള ന്യൂജഴ്സി വാട്ടർ ട്രീറ്റ്മെന്റ് ടാങ്കിൽ മുങ്ങൽ വിദഗ്ധർ കണ്ടെത്തുകയായിരുന്നു. ദേശീയ മാധ്യമങ്ങളുടെ ശ്രദ്ധ പിടിച്ചുപറ്റിയ ഈ കേസിൽ അന്വേഷണം വഴിമുട്ടി നിൽക്കുകയാണ്.

മൂന്നു മക്കളുടെ മാതാവും കുടുംബിനിയുമായ ഗീതയെ സഹപ്രവർത്തകർ ആരോ കൊപ്പെടുത്തിയിരിക്കാമെന്നാണു പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറയുന്നത്. മൃതദേഹത്തിന്റെ കഴുത്തിലും കൈ മുട്ടുകളിലും ഉണ്ടായിരുന്ന ക്ഷതം ഇതിനു തെളിവാണെന്നും റിപ്പോർട്ടിൽ പറയുന്നു.

കേസ് പുനഃപരിശോധിക്കണമെന്നു സ്റ്റേറ്റ് സെനറ്റർ ജൊ കൈറിലോസ് സ്റ്റേറ്റ് അറ്റോർണി ഓഫീസിനോട് അഭ്യർഥിച്ചു. ലഭിച്ച തെളിവുകളുടെ അടിസ്ഥാനത്തിൽ സാക്ഷികളേയും സഹപ്രവർത്തകരേയും വീണ്ടും ചോദ്യംചെയ്യണമെന്നും സെനറ്റർ ആവശ്യപ്പെട്ടു.

ചെന്നൈയിൽനിന്നുള്ള ഗീത ന്യൂയോർക്ക് യൂണിവേഴ്സിറ്റിയിൽനിന്ന് ഓർഗാനിക് കെമിസ്ട്രിയിൽ ഡോക്ടറേറ്റ് നേടിയതിനുശേഷം വാട്ടർ കമ്മീഷണിൽ ഉദ്യോഗം സ്വീകരിച്ചു. ഗീതയുടെ കഴിവുകൾക്ക് അംഗീകാരമായി സീനിയർ കെമിസ്റ്റായി ഉദ്യോഗകയറ്റം ലഭിച്ചതു സഹപ്രവർത്തകർക്ക് ഇഷ്ടപ്പെടാത്തതാണു കൊലപാതകത്തിലേക്കു നയിച്ചതെന്നു കരുതപ്പെടുന്നു.



വാർത്താസമാഹരണം
ജോയിച്ചൻ പുതുക്കുളം

# ഷിക്കാഗോ സിറ്റി കൗൺസിൽ തെരഞ്ഞെടുപ്പ്: ഇന്ത്യൻ വംശജനു റിക്കാർഡ് വിജയം

പി.പി. ചെറിയാൻ



ഷിക്കാഗോ: ഷിക്കാഗോ സിറ്റി കൗൺസിലിലേക്ക് നടന്ന വാശിയേറിയ തെരഞ്ഞെടുപ്പിൽ ഇന്ത്യൻ വംശജൻ ഡെമോക്രാറ്റിക് സ്ഥാനാർഥിയുമായ അമയ പവാർ (34) വമ്പിച്ച ഭൂരിപക്ഷത്തോടെ വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു.

ഫെബ്രുവരി 24നു നടന്ന തെരഞ്ഞെടുപ്പിൽ പോൾ ചെയ്ത വോട്ടുകളിൽ 82.8 ശതമാനം നേടിയാണ് എതിർസ്ഥാനാർഥി റോറി ഫീൽഡറിനെ പവാർ പരാജയപ്പെടുത്തിയത്. പവാറിന് 9740 വോട്ടും റോറിക്ക് 2021 വോട്ടും ലഭിച്ചു. രണ്ടാം തവണയാണു പവാർ ഷിക്കാഗോ സിറ്റി കൗൺസിലിലേക്കു തെരഞ്ഞെടുക്കപ്പെടുന്നത്.

2011ൽ പവാർ നേടിയ ഉജ്വല വിജയത്തോടെയാണു ഷിക്കാഗോ സിറ്റി കൗൺസിലിൽ ആദ്യമായി ഇന്ത്യൻ വംശജൻ അംഗമാകുന്നത്. അന്നു പോൾ ചെയ്ത വോട്ടുകളിൽ അമ്പത് ശതമാനം പവാറിനു ലഭിച്ചിരുന്നു.

ഡിസംബറിൽ വിവാഹിതനായ പവാറിനു ലഭിച്ച ചരിത്ര വിജയം മധുവിധു ആഘോഷിക്കുന്നതിനു തടസമാകുകയില്ല എന്നാണു വിജയത്തെക്കുറിച്ചു പ്രതികരണമാരാഞ്ഞപ്പോൾ അഭിപ്രായപ്പെട്ടത്.

യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോയിൽനിന്നും ഇല്ലിനോയ്സ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്നും ഇരട്ട ബിരുദാനന്തര ബിരുദം പവാർ കരസ്ഥമാക്കിയിട്ടുണ്ട്.

ഷിക്കാഗോ സിറ്റി കൗൺസിലിലേക്കു മത്സരിച്ച വ്യവസായിയും മലയാളിയുമായ ഷാജൻ കുര്യക്കോസും ഇന്ത്യൻ വംശജൻ ബോബ് ഗൽഹോത്രയും പരാജയപ്പെട്ടു.

ഷിക്കാഗോ ഗവർണർ പാട്രിക് ക്വിൻ 2011ൽ പവാറിനെ ഇല്ലിനോയ്സ് ഇന്നോവേഷൻ കൗൺസിലിലേക്കു നോമിനേറ്റ് ചെയ്തിരുന്നു.

# സാബു കുര്യൻ കൺസർവേറ്റീവ് പാർട്ടിയുടെ എംസ്റ്റൺ ആൻഡ് സ്റ്റഡ്ഫോർഡ് ഡെപ്യൂട്ടി ചെയർമാൻ



*മാഞ്ചസ്റ്റർ:* മലയാളിയായ സാബു കുര്യനെ കൺസർവേറ്റീവ് പാർട്ടിയുടെ എംസ്റ്റൺ ആൻഡ് സ്റ്റഡ്ഫോർഡ് ഡെപ്യൂട്ടി ചെയർമാനായി നിയമിച്ചു. കഴിഞ്ഞ ദിവസം മാഞ്ചസ്റ്ററിൽ നടന്ന പാർട്ടിയുടെ വാർഷിക പൊതുയോഗത്തിലാണു നിയമനം. ഈ മേയിൽ യുകെയിൽ പൊതു തെരഞ്ഞെടുപ്പു നടക്കുന്ന സാഹചര്യത്തിലാണു സാബുവിന്റെ നിയമനം.

കോട്ടയം അതിരമ്പുഴ മന്നാകുളത്തിൽ കുടുംബാംഗമാണു സാബു. മാഞ്ചസ്റ്ററിലെ ആറു നിയോജക മണ്ഡലങ്ങളിൽ ഇന്ത്യൻവംശജരുടെ വോട്ട് ഉറപ്പിക്കുകയാണു സാബുവിന്റെ ചുമതല. ഇതാദ്യമായാണ് ഒരു മലയാളി കൺസർവേറ്റീവ് പാർട്ടിയുടെ ഡെപ്യൂട്ടി ചെയർമാനാകുന്നത്. നിലവിൽ കൺസർവേറ്റീവ് ഫ്രണ്ട്സ് ഓഫ് ഇന്ത്യയുടെ പേട്രൺകൂടിയാണു സാബു.

ലേബർ പാർട്ടിയിൽ നിരവധി മലയാളികളുണ്ടെങ്കിലും ടോറിപാർട്ടിയുടെ പദവികളിൽ മലയാളികൾ ഇതുവരെ നിയമിതരായിട്ടില്ല. അടുത്ത തെരഞ്ഞെടുപ്പിൽ ഭരണകക്ഷിയെ നിർണയിക്കുന്നതിൽ ഇന്ത്യൻ വംശജരുടെ പങ്ക് നിർണായകമാകുന്ന സാഹചര്യത്തിൽ ഓരോ ഇന്ത്യൻ വംശജരുടെ വോട്ടും തങ്ങൾക്ക് അനുകൂലമാക്കാൻ ടോറികളും ലേബർ പാർട്ടിയും മത്സരിക്കുകയാണ്. അതിനിടെയാണു മലയാളിയെ ടോറി ഡെപ്യൂട്ടി ചെയർമാനായി കണ്ടെത്തിയത്.



# ഡിഡി വിമൻ അച്ചീവേഴ്സ് അവാർഡുകൾ പ്രഖ്യാപിച്ചു

ജയ്സൺ മാത്യു



*ടൊറന്റോ:* കലാ, സാംസ്കാരിക വളർച്ചയിലൂടെ സ്ത്രീ ശാക്തീകരണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന 'ഡാൻസിംഗ് ഡാംസൽസ്' വർഷം തോറും നൽകി വരാറുള്ള ഡിഡി വിമൻ അച്ചീവേഴ്സ് അവാർഡുകൾ പ്രഖ്യാപിച്ചു.

മലയാളികളായ ലതാ മേനോനും ട്രീസാ തോമസും അവാർഡ് പട്ടികയിൽ സ്ഥാനം പിടിച്ചപ്പോൾ മേരി ഡേവിഡ് സ്പെഷൽ ജൂറി പുരസ്കാരത്തിന് അർഹയായി.

എംപിപിയും സഹ മന്ത്രിയുമായ ദീപിക ദമേർള, കന്നഡ സംഘ പ്രസിഡന്റ് ആഷ വിശ്വനാഥ്, മിസിസ് ഇന്ത്യ 2014 ഡോ. ആർത്തി ശരവണൻ, ഗ്ലോബൽ ന്യൂസ് റിപ്പോർട്ടർ ആംഗി സേത്ത്, ഫോട്ടോ ജേർണലിസ്റ്റ് റീനാ ഡിയോൻ, ഇന്ത്യൻ ക്ലാസിക്കൽ സംഗീതജ്ഞ രംനീക് സിംഗ്, ആനന്ദം ഡാൻസ് തിയേറ്റർ സ്ഥാപക ബ്രാണ്ടി ലിയാറി, ബിസിനസ് സംരംഭക രവീന്ദർ മൽഹി, പ്രൊവിൻഷ്യൽ ക്രോസ് കൺട്രി റെക്കോർഡ് ഉടമ മലർവില്ലി വരദ രാജൻ, ബോളിവുഡ് നർത്തകി പൂജ അമിൻ എന്നിവരാണ് ജീവിത വിജയം നേടിയ വനിതകൾക്കുള്ള ഈ വർഷത്തെ അവാർഡുകൾക്ക് അർഹരായത്.

ബാരിസ്റ്ററും സോളിസിറ്ററുമായ ലതാ മേനോൻ നിയമലോകം പടവെട്ടി ജയിച്ചപ്പോൾ, 30 വർഷം നഴ്സായി പ്രവർത്തിച്ച ട്രീസാ തോമസ് വിജയത്തിന്റെ പിന്നിൽ പ്രവർത്തിച്ച സ്ത്രീ ആയത് നിശബ്ദമായ സാമൂഹ്യ പ്രവർത്തനത്തിലൂടെയാണ്. ആയോധന കലയിലെ മികവിനാണ് അഞ്ചാം ഗ്രേഡ് ബ്ലാക്ക് ബെൽറ്റ് കാരിയായ ഇൻസ്ട്രക്ടർ മേരി ഡേവിഡ് സ്പെഷൽ ജൂറി പുരസ്കാരത്തിന് അർഹയായത്.

മാർച്ച് എട്ടിന് ഓക് വില്ലിലുള്ള 'ദി മീറ്റിംഗ് ഹൗസിൽ' നടക്കുന്ന ഇന്റർനാഷണൽ വിമൻസ് ഡേ ആഘോഷങ്ങളോടനുബന്ധിച്ചു നടന്ന ചടങ്ങിൽ അവാർഡുകൾ സമ്മാനിക്കും. ഫെഡറൽ പ്രൊവിൻഷ്യൽ മന്ത്രിമാരും സാംസ്കാരിക നേതാക്കളും ചടങ്ങിൽ പങ്കെടുക്കും.

കാനഡയിലെ ആദ്യത്തെ ഇന്തോ-കനേഡിയൻ വനിതാ സെനറ്റർ ഡോ. ആഷാ സേത്ത്, ഇന്ത്യൻ കോൺസുലേറ്റ് ടൊറന്റോ വൈസ് കോൺസുൽ ഉഷാ വെങ്കിടേശൻ, പനോരമ ഇന്ത്യ ചെയർ അനു ശ്രീവാസ്തവ, റോയൽ ഒന്റാരിയോ മ്യൂസിയം സീനിയർ ക്യൂരേറ്റർ ഡോ. ദീപാളി ദിവാൻ, സൗത്ത് ഏഷ്യൻ വിമൻസ് സെന്റർ എക്സിക്യൂട്ടിവ് ഡയറക്ടർ കൃപാ ശേഖർ, മിസിസാഗ ആർട്സ് കൗൺസിൽ എക്സിക്യൂട്ടിവ് ഡയറക്ടർ അനു വിട്ടൽ, പത്ര പ്രവർത്തകയും എംപിപിയുമായ ഇന്ദിരാ നായിഡു ഹാരിസ്, മ്യൂസിക് തെറാപ്പി ഗവേഷകയായ സന്ധ്യാ ശ്രീവത്സൻ, ടൊറന്റോ യൂണിവേഴ്സിറ്റി പ്രഫസറും പ്രിൻസസ് മാർഗരറ്റ് ഹോസ്പിറ്റൽ കാൻസർ വിഭാഗം മേധാവിയുമായ ഡോ. കലാ ശ്രീധർ, ഇന്ത്യൻ ക്ലാസിക്കൽ സംഗീതജ്ഞ ശോഭാ ശേഖർ തുടങ്ങിയ പ്രമുഖർ ചടങ്ങിൽ സംസാരിക്കും.

'സ്ത്രീ സമത്വത്തിലൂടെ സമഗ്ര വികസനം' എന്നതാണ് ഈ വർഷത്തെ ഇന്റർനാഷനൽ വിമൻസ് ഡേ ആഘോഷങ്ങളുടെ പ്രമേയം. ഇന്റർനാഷനൽ തലത്തിലുള്ള വിനോദപരിപാടികളും ചടങ്ങുകൾക്കുശേഷം അരങ്ങേറും.

അവാർഡ് ചടങ്ങിലേക്കുള്ള പ്രവേശനം സൗജന്യമാണെങ്കിലും മുൻകൂട്ടിയുള്ള രജിസ്ട്രേഷൻ അനിവാര്യമാണ്.

# മൈസൂർ മഹാരാജ് പദവി ബോസ്റ്റൺ വിദ്യാർഥിക്ക്

പി.പി. ചെറിയാൻ



ബോസ്റ്റൺ: വോഡയാർ രാജവംശത്തിൽ കിരീടാവകാശി ശേഷിക്കാത്ത സാഹചര്യത്തിൽ ബോസ്റ്റണിൽ വിദ്യാർഥിയായ യദുവീർ ഗോപാൽ എന്ന 22 കാരനെ മൈസൂർ മഹാരാജാ പദവി നൽകി വാഴിക്കുവാൻ തീരുമാനിച്ചു. ഇതിന്റെ മുന്നോടിയായി ദത്തെടുക്കൽ ചടങ്ങുകൾ രാജകീയമായി അംബ വിലാസ് പാലസിൽ തിങ്കളാഴ്ച നടന്നു.

കഴിഞ്ഞ ഡിസംബറിൽ ശ്രീകണ്ഠ ദത്ത (60) നാടു നീങ്ങിയത് വോഡയാർ രാജവംശത്തിൽ കിരീടാവകാശികൾ ശേഷിക്കാതെയായിരുന്നു. ഇതിനെ തുടർന്ന് ശ്രീകണ്ഠ ദത്ത നരസിംഹ രാജ വോഡയാറിന്റെ മൂത്ത സഹോദരി ഗായത്രി ദേവി മഹാറാണിയുടെ കൊച്ചു മകൻ യദവീറിനെ വോഡയാർ രാജവംശത്തിലേക്ക് ദത്തെടുക്കുവാൻ തീരുമാനിക്കുകയായിരുന്നു.

ബോസ്റ്റൺ യൂണിവേഴ്സിറ്റിയിലെ ഇംഗ്ലീഷ് ബിരുദ വിദ്യാർഥിയാണ് യദുവീർ ഗോപാൽ. ഒക്ടോബറിൽ നടക്കുന്ന ദസറക്ക് മുമ്പ് കിരീടാധാരണ ചടങ്ങ് നടക്കും. തുടർന്ന് ദീപാലംകൃതമായ മൈസൂർ പാലസിൽ വെള്ളി രഥത്തിൽ എഴുന്നള്ളി ജനങ്ങളെ അഭിവാദ്യം ചെയ്യും.

മൈസൂറിൽ രാജ്യഭരണം നടത്തിയിരുന്ന വോഡയാർ രാജവംശത്തിന് 1610ൽ അലമേലതു റാണിയുടെ ശാപം ലഭിക്കാനിടയായതിനുശേഷം മൈസൂർ രാജാക്കന്മാർക്ക് കുട്ടികൾ ജനിക്കാതെയായി എന്നാണ് ചരിത്രം പഠിപ്പിക്കുന്നത്.

1399 മുതൽ 1950 വരെയാണ് മൈസൂറിൽ വോഡയാർ രാജ്യഭരണം നടത്തിയിരുന്നത്. 240 മില്യൺ കോടി സമ്പാദ്യമാണ് രാജവംശത്തിനുള്ളത്.

# ഹഡ്സൺവാലി മലയാളി അസോസിയേഷന്റെ 2015 ലെ ഭാരവാഹികൾ അധികാരമേറ്റു



ജയപ്രകാശ് നായർ

*ന്യൂയോർക്ക്:* ഹഡ്സൺ വാലി മലയാളി അസോസിയേഷന്റെ 2014ലെയും 2015ലെയും ഭാരവാഹികളുടെ ഒരു സംയുക്ത യോഗം 2015 ഫെബ്രുവരി 21ന് വാലി കോട്ടേജ് ലൈബ്രറി ഓഡിറ്റോറിയത്തിൽ വച്ച് കൂടുകയുണ്ടായി. പ്രസിഡന്റ് ജയിംസ് ഇളംപുരയിടത്തിലിന്റെ അധ്യക്ഷതയിൽ ആരംഭിച്ചു. ഈശ്വര പ്രാർത്ഥനയോടെ തുടങ്ങിയ യോഗത്തിൽ ജെയിംസ് ഇളംപുരയിടത്തിൽ സ്വാഗതം ആശംസിച്ചു. സെക്രട്ടറി ജയപ്രകാശ് നായർ, ട്രഷറർ മത്തായി പി ദാസ്, ബോർഡ് ഓഫ് ട്രസ്റ്റീ ചെയർമാൻ കുരിയാക്കോസ് തര്യൻ എന്നിവർ സംസാരിച്ചു.

അധികാര കൈമാറ്റച്ചടങ്ങിൽ പ്രസിഡന്റ് ജെയിംസ് ഇളംപുരയിടത്തിലിന്റെ കൈയ്യിൽ നിന്നും ഔദ്യോഗിക രേഖകൾ 2015ലെ പ്രസിഡന്റ് ഷാജിമോൻ വെട്ടം കൈപ്പറ്റി. സെക്രട്ടറി ജയപ്രകാശ് നായരിൽ നിന്നും 2015ലെ സെക്രട്ടറി അലക്സ് എബ്രഹാമും ട്രഷറർ മത്തായി പി ദാസിൽ നിന്നും പുതിയ ട്രഷറർ ജോൺ ദേവസ്യയും അധികാരം ഏറ്റെടുത്തു. വർഗീസ് ഒലഹന്നാൻ ഈ വർഷത്തെ ബോർഡ് ഓഫ് ട്രസ്റ്റീ ചെയർമാനായി സ്ഥാനമേറ്റു. തുടർന്ന് നടന്ന യോഗത്തിന് പുതിയ പ്രസിഡന്റ് ഷാജിമോൻ വെട്ടം അധ്യക്ഷത വഹിച്ചു. അസോസിയേഷന്റെ ഉന്നമനത്തിനായി തന്നാലാവും വിധം പ്രയത്നിക്കുമെന്ന് അദ്ദേഹം ഉറപ്പ് നൽകി.

കേരള ജ്യോതിയുടെ ചീഫ് എഡിറ്ററായി തമ്പി പനക്കൽ പ്രവർത്തിക്കും എന്ന് അദ്ദേഹം അറിയിച്ചു. സെക്രട്ടറി അലക്സ് എബ്രഹാം ട്രസ്റ്റീ ബോർഡ് ചെയർമാൻ വർഗീസ് ഒലഹന്നാൻ എന്നിവർ സംസാരിക്കുകയുണ്ടായി. വിദ്യാജ്യോതി മലയാളം സ്കൂളിന്റെ പ്രിൻസിപ്പൽ ആയി ജോസഫ് മുണ്ടഞ്ചിറ തുടരുമെന്ന് പ്രസിഡന്റ് അറിയിച്ചു. അസോസിയേഷന്റെ എല്ലാ പരിപാടികളും കൃത്യമായി ഫോട്ടോകൾ എടുത്തു തരുന്ന ക്യാമറാമാൻ സെബാസ്റ്റ്യൻ എബ്രഹാമിനെ യോഗം പ്രത്യേകം അനുമോദിച്ചു. തുടർന്ന് ഒരു ഫോട്ടോ സെഷനും ഉണ്ടായിരുന്നു. സെക്രട്ടറി അലക്സ് എബ്രഹാമിന്റെ കൃതജ്ഞതാ പ്രസംഗത്തോടെ യോഗം അവസാനിച്ചു.

# സൗത്ത്-വെസ്റ്റ് റീജൺ മാർത്തോമ യുവജനസഖ്യം പട്ടക്കാർക്കു യാത്രയയപ്പ്

ഡാളസ്: മൂന്നു വർഷത്തെ സേവന കാലാവധി പൂർത്തിയാക്കി സ്ഥലം മാറി പോകുന്ന സൗത്ത് വെസ്റ്റ് റീജണിലുള്ള മാർത്തോമ പട്ടക്കാർക്കു സൗത്ത്-വെസ്റ്റ് റീജൺ യുവജന സഖ്യത്തിന്റെ ആഭിമുഖ്യത്തിൽ സ്നേഹ നിർഭരമായ യാത്രയയപ്പു നൽകി. ഡാലസ് സെന്റ് പോൾസ് മാർത്തോമ ചർച്ചിൽ ഫെബ്രുവരി 21ന് (ശനിയാഴ്ച) റവ. സാം മാത്യുവിന്റെ അധ്യക്ഷതയിൽ ചേർന്ന യാത്രയയപ്പ് യോഗത്തിൽ സഖ്യം സെക്രട്ടറി അജു മാത്യു സ്വാഗതമാശംസിച്ചു.

സഭയായി തങ്ങളെ ഏല്പിച്ച ഉത്തരവാദിത്വം പൂർണമായും നിറവേറ്റാൻ കഴിഞ്ഞു എന്ന ചാരിതാർഥ്യത്തോടെ ഇടവകകളിലെ കാലാവധി പൂർത്തീകരിച്ചു. സഭ ഏല്പിക്കുന്ന പുതിയ ചുമതലകൾ ഏറ്റെടുക്കുവാൻ തയാറാണെന്നു സ്വീകരണത്തിനു നന്ദി പ്രകാശിപ്പിച്ചുകൊണ്ടു പട്ടക്കാർ പറഞ്ഞു.

റവ. ജോസ് സി. ജോസഫ് മാത്യു (ഫാർമേഴ്സ് ബ്രാഞ്ച് മാർത്തോമ ചർച്ച്), റവ. ഒ. സി. കുര്യൻ (സെന്റ് പോൾസ് മാർത്തോമ ചർച്ച്), റവ. സജി തോമസ് (സെഹിയോൻ മാർത്തോമ ചർച്ച്), റവ. ഷിബു ഏബ്രഹാം (ഒക്കലഹോമ ചർച്ച്), റവ. ജോർജ് ജേക്കബ് (യൂത്ത് ചാപ്ലയിൻ ഡാലസ്), റവ. റോയ് തോമസ് (ഹൂസ്റ്റൺ യൂത്ത് ചാപ്ലയിൻ) എന്നിവരാണു സ്ഥലംമാറി പോകുന്ന പട്ടക്കാർ.

യാത്രയയപ്പു യോഗത്തിൽ യുവജനസഖ്യത്തെ പ്രതിനിധീകരിച്ച് വൈസ് പ്രസിഡന്റ് ബാബു പി. സൈമൺ ആശംസകൾ അറിയിച്ചു പ്രസംഗിച്ചു. ട്രഷറർ ജോബി ജോൺ നന്ദി പറഞ്ഞു. യുവജന സംഖ്യം സമാഹരിച്ച ഉപഹാരവും പട്ടക്കാർക്ക് നൽകി.

## കെ.എച്ച്.എൻ.എ കൺവൻഷനിൽ രാഹുൽ ഈശ്വർ

ഡാളസ്: ജൂലൈ രണ്ടു മുതൽ ആറു വരെ ഡാളസിൽ നടക്കുന്ന കെ.എച്ച്.എൻ.എ കൺവൻഷനിൽ അമേരിക്കയിലെ വിവിധ മലയാളി ഹൈന്ദവ സംഘടനകൾ പങ്കെടുക്കുന്ന സമന്വയ സംവാദം സംഘടിപ്പിക്കുന്നു. യുവ പ്രഭാഷകനായ രാഹുൽ ഈശ്വർ നേതൃത്വം നൽകുന്ന സംവാദത്തിൽ ഹിന്ദു ഐക്യത്തിന്റെ വിവിധങ്ങളായ സാധ്യതകൾ ചർച്ച ചെയ്യപ്പെടുന്നു. പല നഗരങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ശ്രീനാരായണീയ പ്രസ്ഥാനങ്ങളും, നായർ സംഘടനകളും, യോഗക്ഷേമ ഹരിജന കൂട്ടായ്മകളും സംവാദത്തിൽ പങ്കുചേരുന്നു.

സമൂഹ സൗഹാർദ്ദം ഊട്ടിയുറപ്പിക്കാൻ ഉതകുന്ന ഈ സംവാദവേദിയിൽ എല്ലാ മലയാളികളുടേയും സാന്നിധ്യം പ്രതീക്ഷിക്കുന്നതായി പ്രസിഡന്റ് ടി.എൻ നായർ, സെക്രട്ടറി ഗണേശ് നായർ, കൺവെൻഷൻ ചെയർമാൻ റെനിൽ രാധാകൃഷ്ണൻ എന്നിവർ വ്യക്തമാക്കി. സുരേന്ദ്രൻ നായർ അറിയിച്ചതാണിത്.

## കെഎച്ച്എൻഎ മിഷിഗണിന് നവ നേതൃത്വം



ഡിട്രോയിറ്റ്: 2010-ൽ തുടക്കംകുറിച്ച കേരളാ ഹിന്ദുസ് ഓഫ് നോർത്ത് അമേരിക്ക (കെ.എച്ച്.എൻ.എ) മിഷിഗൺ വാർഷിക പൊതുയോഗം കാന്റൻ സംഗമ നഗറിൽ പ്രസിഡന്റ് സുരേന്ദ്രൻ നായരുടെ അധ്യക്ഷതയിൽ ചേർന്ന് അടുത്ത രണ്ടു വർഷത്തേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുത്തു.

ഡോ. സതി നായർ (പ്രസിഡന്റ്), മനോജ് കൃഷ്ണൻ (വൈസ് പ്രസിഡന്റ്), പ്രസന്നാ മോഹൻ (സെക്രട്ടറി), ശ്രീജാ ശ്രീകുമാർ (ജോയിന്റ് സെക്രട്ടറി), രാധാകൃഷ്ണൻ നായർ (ട്രഷറർ), അരുൺ കുരുവിള (ജോയിന്റ് ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

ഫെബ്രുവരി 25ന് പെൻട്രിങ്ടൺ അന്ധവിദ്യാലയത്തിൽ സമൂഹ ശ്രമദാനം നടത്തുന്നതിനും, ഡിട്രോയിറ്റ് മെഡിക്കൽ സെന്ററിലെ കുട്ടികളുടെ ആശുപത്രിയിലെ സന്നദ്ധപ്രവർത്തനങ്ങളിൽ പങ്കാളിയാകാനും തീരുമാനിച്ചു. വിവിധ ജീവകരുണ്യ പ്രവർത്തനങ്ങളുടെ കൺവീനറായി ശ്രീജ ശ്രീകുമാറിനേയും, കാര്യദർശിയായി രാജേഷ് കുട്ടിയേയും ചുമതലപ്പെടുത്തി.

സെക്രട്ടറി അനിൽ കോളോത്ത് മുൻ വർഷങ്ങളിലെ പ്രവർത്തന റിപ്പോർട്ടും, രമ്യാ കുമാർ വരവുചെലവു കണക്കും അവതരിപ്പിച്ചു. മലയാള മണ്ണിന്റെ കാർഷിക സമൃദ്ധി അയവിറക്കുന്ന വിഷു ദിനവും, കണികാഴ്ചയും ഏപ്രിൽ 18ന് സമുചിതമായി ആഘോഷിക്കുവാനും തീരുമാനിച്ചു. സുനിൽ പൈങ്ങോൾ, ദേവിക രാജേഷ്, അജി അയ്യമ്പള്ളി, ഗിരീഷ് ശ്രീനിവാസൻ എന്നിവർ ഉൾപ്പെട്ട ഉപസമിതിയേയും നിശ്ചയിച്ചു. രാജേഷ് കുട്ടി രൂപകൽപ്പന ചെയ്ത വെബ്സൈറ്റിന്റെ ഉദ്ഘാടനം ട്രസ്റ്റി ബോർഡ് അംഗം രാധാകൃഷ്ണൻ നിർവഹിച്ചു.

ഡാളസിൽ നടക്കാൻപോകുന്ന ദ്വൈവാർഷിക കൺവെൻഷനെക്കുറിച്ച് റീജിയണൽ വൈസ് പ്രസിഡന്റ് രാജേഷ് നായർ, കോർഡിനേറ്റർമാരായ ഡോ. ഗീതാ നായർ, സുനിൽ പൈങ്ങോൾ തുടങ്ങിയവർ സംസാരിച്ചു. കൺവെൻഷനിൽ 25ൽ കുറയാത്ത കുടുംബങ്ങളെ പങ്കെടുപ്പിക്കണമെന്ന തീരുമാനത്തോടെ യോഗം പര്യവസാനിച്ചു. സുരേന്ദ്രൻ നായർ അറിയിച്ചതാണിത്.

## ‘നാമം’ പുതിയ ഭാരവാഹികൾ ചുമതലയേറ്റു



ന്യൂജേഴ്സി: ന്യൂജേഴ്സിയിലെ ഇന്ത്യൻ സാംസ്കാരിക ഭൂപടത്തിൽ സുപ്രധാന ഇടം കണ്ടെത്താൻ കഴിഞ്ഞ ‘നാമം’ പുതിയ ഭാരവാഹികളെ പ്രഖ്യാപിച്ചു.

പുതിയ ഭാരവാഹികളായി ഡോ. ഗീതേഷ് തമ്പി (പ്രസിഡന്റ്), വിനീത നായർ (വൈസ് പ്രസിഡന്റ്), അജിത് പ്രഭാകർ (സെക്രട്ടറി), സജിത്ത് ഗോപിനാഥ് (ജോയിന്റ് സെക്രട്ടറി), ഡോ. ആശ വിജയകുമാർ (ട്രഷറർ), അപർണ അജിത് കണ്ണൻ (ജോയിന്റ് ട്രഷറർ), രാജശ്രീ പിന്റോ (പിആർഒ), മാലിനി നായർ (കൾച്ചറൽ സെക്രട്ടറി) സഞ്ജീവ് കുമാർ (ചാരിറ്റി പ്രോഗ്രാം കോ ഓർഡിനേറ്റർ) എന്നിവരെ തെരഞ്ഞെടുത്തു.

ഫെബ്രുവരി 27ന് (വെള്ളി) വൈകുന്നേരം 7.30ന് ക്രൗൺ ഓഫ് ഇന്ത്യ പ്ലാൻസ് ബോറോയിൽ (Crown of India Plansbrorrow) നടന്ന സ്ഥാനാരോഹണ ചടങ്ങിൽ പുതിയ ഭാരവാഹികൾ ചുമതലയേറ്റു.

മലയാളികളിൽ മാത്രം ഒതുങ്ങാതെ ഇന്ത്യൻ സമൂഹത്തെ ആകെ ഒന്നിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ ‘നാമം’ എന്നും മുൻപന്തിയിലായിരുന്നു. ഭാരതീയമൂല്യങ്ങൾ മുറുകെ പിടിച്ചുകൊണ്ടു തന്നെ അമേരിക്കൻ സമൂഹത്തിൽ ജീവിക്കുവാൻ യുവതലമുറയെ പ്രാപ്തരാക്കുന്നതിൽ സംഘടന വഹിച്ച പങ്ക് ചെറുതല്ല. വ്യത്യസ്ത മേഖലകളിൽ മികവു തെളിയിച്ചവരെ അംഗീകരിക്കുന്നതിനു നാമം ഏർപ്പെടുത്തിയിട്ടുള്ള Namam Excellence Award ഇതിനോടകം തന്നെ ശ്രദ്ധിക്കപ്പെട്ടു കഴിഞ്ഞു.

ആത്മീയവും സാംസ്കാരികവും ധാർമികവുമായ അടിത്തറയിലൂന്നിയുള്ള പരിപാടികൾ ആവിഷ്കരിക്കുന്നതിൽ മുൻപന്തിയിലായിരുന്ന ‘നാമം’ 2014 ൽ സംഘടിപ്പിച്ച സപ്താഹയജ്ഞവും അത്യപൂർവമായ അനുഭവമായിരുന്നു. സാമൂഹിക പ്രതിബദ്ധത മറ്റെന്തിനെക്കാളും മുൻതൂക്കം നൽകുന്ന ‘നാമം’ മുൻ കൈയെടുത്തു നടത്തിയ ജീവകാരുണ്യ പ്രവർത്തനങ്ങൾ നിരവധിയാണ്.

നാമത്തിന്റെ വരുംകാല പ്രവർത്തനങ്ങൾ പൂർവാധികം ഭംഗിയായി നടത്താൻ ഉതകുന്ന ഒരു കമ്മിറ്റിക്കാണ് രൂപം നൽകിയിരിക്കുന്നതെന്ന് സ്ഥാപക നേതാവ് മാധവൻ നായർ പറഞ്ഞു.

## 21 കോപ്റ്റിക് ഓർത്തഡോക്സ് യുവാക്കൾക്ക് ആദരാഞ്ജലിയുമായി നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനം

ജോർജ് തുമ്പയിൽ



ന്യൂയോർക്ക്: ഐഎസ് ഭീകരർ ക്രൂരമായി തലയറുത്തുകൊന്ന 21 കോപ്റ്റിക് ഓർത്തഡോക്സ് ക്രിസ്ത്യൻ യുവാക്കളുടെ സ്മരണകൾക്ക് ഐക്യദാർഢ്യവും നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തെയും വിശ്വാസി സമൂഹത്തെയും പ്രതിനിധീകരിച്ച് ആദരാഞ്ജലികളും പ്രാർഥനകളും നേർന്നും ഭദ്രാസന മെത്രാപ്പോലീത്ത സഖറിയ മാർ നിക്കോളോവോസ് ന്യൂയോർക്ക്, ന്യൂ ഇംഗ്ലണ്ട് കോപ്റ്റിക് ഓർത്തഡോക്സ് ഭദ്രാസന മെത്രാപ്പോലീത്ത ബിഷപ്പ് ഡേവിഡിന് കത്തെഴുതി.

രക്തസാക്ഷികളായ 21 യുവാക്കൾക്കുവേണ്ടിയും വിശ്വാസത്തിനുവേണ്ടി ലോകത്ത് പീഡിപ്പിക്കപ്പെടുന്ന ഓരോരുത്തർക്കുവേണ്ടിയും നോർത്ത് ഈസ്റ്റ് ഭദ്രാസനത്തിലെ വൈദികരുടെയും വിശ്വാസ സമൂഹത്തിന്റെയും നിരന്തര പ്രാർഥന അഭ്യർഥിച്ച് മാർ നിക്കോളോവോസ് പുറപ്പെടുവിച്ച കൽപ്പന ഭദ്രാസനങ്ങളിലെ ഇടവകകളിൽ വായിച്ചു. നിഷ്കളങ്കരായ ഈ യുവാക്കളിൽ അക്രമികൾ കണ്ട ‘തെറ്റ്’ കുരിശിന്റെ മാർഗം പിന്തുടരുന്നു എന്നത് മാത്രമാണ്. ഈ നിഷ്കളങ്കരക്തങ്ങളുടെ മരണത്തിൽ ദുഃഖിക്കുന്നതിനൊപ്പം, ക്രൈസ്തവർ ലോകത്ത് പീഡിപ്പിക്കപ്പെടുന്നതിൽ ലോകം പുലർത്തുന്ന മൗനത്തെയും കൽപ്പനയിൽ അപലപിച്ചിട്ടുണ്ട്. അക്രമത്തിന്റെ ഈ ലോകത്തു നിന്നും തുടച്ചു മാറ്റപ്പെട്ട് സ്വർഗീയ പിതാവിനോടുചേർന്ന ഈ രക്തസാക്ഷികളുടെ മാതൃക പിന്തുടർന്ന് വിശ്വാസത്തെ മുറുകെപ്പിടിക്കുവാൻ തയാറാകണമെന്ന് മാർ നിക്കോളോവോസ് ഓർമിപ്പിച്ചു.

## സാന്റി ദാസ് ഗുപ്തക്ക് അവാർഡ്

*ആർലിംഗ്ടൺ:* യൂണിവേഴ്സിറ്റി ഓഫ് ടെക്സസ് ആർലിംഗ്ടൺ രസതന്ത്രവിഭാഗം പ്രഫസർ സാന്റി ദാസ് ഗുപ്തയ്ക്കു 2015 അമേരിക്കൻ കെമിക്കൽ സൊസൈറ്റി എഡ്യൂക്കേഷൻ എക്സലൻസ് അവാർഡ് നൽകി ആദരിച്ചു.

അനലിറ്റിക്കൽ കെമിസ്ട്രിയിൽ നടത്തിയ ഗവേഷണങ്ങൾക്കും പഠനത്തിനും ദേശീയാടിസ്ഥാനത്തിൽ നൽകുന്ന അംഗീകാരമാണ് ദാസ് ഗുപ്തയെ തേടിയെത്തിയത്. അനലിറ്റിക്കൽ കെമിസ്ട്രിയെകുറിച്ചുള്ള നിരവധി പാഠപുസ്തകങ്ങളും ലേഖനങ്ങളും ദാസ് ഗുപ്ത പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2007 മുതൽ യുറ്റി ആർലിംഗ്ടണിൽ പ്രഫസറായി പ്രവർത്തിക്കുന്ന ദാസ് ഗുപ്ത ടെക്സസ് ടെക് യൂണിവേഴ്സിറ്റിയിലെ 25 വർഷത്തെ സേവനത്തിനുശേഷമാണ് യുറ്റിയിൽ ചേർന്നത്.

ഇന്ത്യൻ സമൂഹത്തിലെ വലിയൊരു വിഭാഗം വിദ്യാർഥികളുടെ ഗുരുനാഥനായ ദാസ് ഗുപ്തയ്ക്ക് മൂന്നാം തലമുറയിലെ അധ്യാപകനാകാൻ കഴിഞ്ഞതിൽ തീർത്തും ചാരിതാർഥ്യം ഉണ്ട്.

2007 ൽ ജെൻ കിൻസ് ഗാരട്ട് പ്രഫസർ ഓഫ് കെമിസ്ട്രിയായും, 2014 ൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് ഫെല്ലോയായും നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുണ്ട്. പശ്ചിമ ബംഗാൾ ബർദ്വാൻ യൂണിവേഴ്സിറ്റിയിൽ നിന്നാണ് ബിരുദം നേടിയിട്ടുള്ളത്. ലൂസിയാന സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറൽ ഡിഗ്രിയും കരസ്ഥമാക്കിയിട്ടുണ്ട്.

**വാർത്തകൾക്ക്...**

Tel: 267-991-211 e-mail

:georgethazhakara@gmail.com

# കെഎച്ച്എൻഎ പ്രതിക്ഷേധിച്ചു

**സതീശൻ നായർ**

ഷിക്കാഗോ: സുരേഷ് ഭായി പട്ടേലിനെ അകാരണമായി മർദ്ദിച്ച് അവശനാക്കിയ അലബാമയിലെ ഹണ്ട്സ് വില്ല പോലീസുകാരുടെ ഹീനമായ പ്രവർത്തിക്കെത്തിരേ കേരളാ ഹിന്ദുസ് ഓഫ് നോർത്ത് അമേരിക്ക പ്രതിക്ഷേധിച്ചു.

അൻപത്തേഴുകാരനായ സുരേഷ് ഭായി പട്ടേൽ വീടിനു മുന്നിലുള്ള വഴിയിലൂടെ നടക്കുമ്പോൾ ചുറ്റുമൊന്ന് നോക്കിയപ്പോഴാണ് പോലീസുകാരുടെ ക്രൂര മർദ്ദനത്തിനിരയായത്. നിരപരാധികളെ ഇത്തരത്തിൽ മർദ്ദിക്കുന്ന പോലീസുകാരുടെ നടപടിയെ ഒരു കാരണവശാലും ന്യായീകരിക്കാവുന്നതല്ലെന്നും ഭാവിയിലും ഇതുപോലുള്ള ദുരന്തങ്ങൾ ഉണ്ടാകാതിരിക്കാൻ സർക്കാർ തലത്തിൽ നിയമനടപടികൾ സ്വീകരിക്കണമെന്നും, കുറ്റം ചെയ്ത പോലീസുകാർക്ക് തക്കതായ ശിക്ഷ ഉറപ്പാക്കണമെന്നും ട്രസ്റ്റി ചെയർമാൻ ശശിധരൻ നായരും, പ്രസിഡന്റ് ടി.എൻ. നായരും ട്രസ്റ്റി ബോർഡ് യോഗത്തിൽ ആവശ്യപ്പെട്ടു.

# ലോസ് ആഞ്ചലസ് സെന്റ് അൽഫോൻസാ ദേവാലയത്തിൽ പെസഹാധ്യാനം 26 മുതൽ

**ജോസഫ് മാർട്ടിൻ വിലങ്ങോലിൽ**



*ലോസ് ആഞ്ചലസ്:* കെയ്റോസ് ടീം നയിക്കുന്ന പെസഹാ നോമ്പുകാല കുടുംബ നവീകരണ ഇടവക ധ്യാനം ലോസാഞ്ചലസ് സെന്റ് അൽഫോൻസാ സീറോ മലബാർ ദേവാലയത്തിൽ ഫെബ്രുവരി 26ന് ആരംഭിക്കും. ഫെബ്രുവരി 26, 27, 28, മാർച്ച് ഒന്ന് തീയതികളിലാണു ധ്യാനം.

അമേരിക്കൻ മലയാളികളെ മാനസാന്തരത്തിലേക്കും ആത്മീയരൂപാന്തരത്തിലേക്കും നയിച്ച കെയ്റോസ് ധ്യാന സംഘത്തിനു പ്രശസ്ത വചനപ്രഘോഷകരായ ഫാ. കുര്യൻ കാരിക്കൽ എംഎസ്എഫ്എഫ്, ബ്ര. റെജി കൊട്ടാരം, ബ്ര. പീറ്റർ ചേരാനല്ലൂർ, ബ്ര. വി.ഡി. രാജു (ഗ്രാനശുശ്രൂഷ) എന്നിവരാണ് നേതൃത്വം നൽകുന്നത്.

നമ്മുടെ അതിക്രമങ്ങൾക്കു വേണ്ടി അവൻ മുറിവേൽപ്പിക്കപ്പെട്ടു. നമ്മുടെ അകൃത്യങ്ങൾക്കുവേണ്ടി അവൻ ക്ഷതമേൽപിക്കപ്പെട്ടു. അവന്റെ മേലുള്ള ശിക്ഷ നമുക്കു രക്ഷ നൽകി. അവന്റെ ക്ഷതങ്ങളാൽ നാം സൗഖ്യം പ്രാപിച്ചു. (ഏശയ്യ 53:5) എന്ന വാക്യം അടിസ്ഥാനമാക്കി കുടുംബ നവീകരണം ലക്ഷ്യമാക്കിയാണ് ഈ വർഷത്തെ പെസഹാ ധ്യാനം നടത്തപ്പെടുന്നത്. കൂടുതൽ വിവരങ്ങൾക്ക്: ഫാ. കുര്യാക്കോസ് വടാന : 671 717 4018, ജോർജ് ചാക്കോ: 818 484 0119, റോബർട്ട് ചെല്ലകുടം : 626 390 4310.

# വൃക്കരോഗികൾക്ക് മാംസാഹാരം ദോഷകരം

*വാഷിംഗ്ടൺ:* വൃക്കരോഗികൾ മാംസം അടങ്ങിയ ഭക്ഷണ പദാർഥങ്ങൾ കൂടുതൽ കഴിക്കുന്നത് വൃക്കകളുടെ പ്രവർത്തനം പൂർണമായും നിലയ്ക്കുന്നതിനുള്ള സാധ്യതകൾ മൂന്നിരട്ടി വർധിപ്പിക്കുമെന്ന് ഇതിനെ കുറിച്ച് നടത്തിയ ഗവേഷണങ്ങൾ തെളിയിക്കുന്നു.

പഴവർഗങ്ങളും പച്ചക്കറിയും കഴിക്കുന്നവരിൽ വൃക്കരോഗം കണ്ടെത്തുന്നതു വിരളമാണെന്നും സർവേ പറയുന്നു.

ഇന്ത്യൻ വംശജയും കാലിഫോർണിയ യൂണിവേഴ്സിറ്റി ഗവേഷണ വിദ്യാർഥിയുമായ തനുശ്രീ ബാനർജി ഉൾപ്പെടെയുള്ള ഗവേഷണ സംഘത്തിന്റേതാണ് പുതിയ കണ്ടുപിടുത്തം. നാഷണൽ ഹെൽത്ത് ആൻഡ് ന്യൂട്രീഷൻ 1486 പ്രായപൂർത്തിയായ വൃക്കരോഗികളെയാണ് പഠന വിധേയമാക്കിയത്.

ആസിഡിന്റെ അളവ് കൂടുതലുള്ള ഭക്ഷണ പദാർഥങ്ങൾ കഴിക്കുന്നവരിലാണ് വൃക്ക രോഗം ധാരാളമായി കണ്ടുവരുന്നത്. ഭക്ഷണ പദാർഥങ്ങൾ തെരഞ്ഞെടുക്കുന്നതിൽ വൃക്കരോഗികൾ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ടെന്ന് ഇവർ മുന്നറിയിപ്പു നൽകുന്നു.

2008ൽ തനുശ്രീ ബാനർജി ഡൽഹി യൂണിവേഴ്സിറ്റിയിൽ നിന്നും ബയോ സ്റ്റാറ്റിസ്റ്റിക്സിൽ പിഎച്ച്ഡി നേടിയതിനുശേഷമാണു കാലിഫോർണിയ യൂണിവേഴ്സിറ്റി ഗവേഷണ വിദ്യാർഥിയായി ചേർന്നത്.

For Advertisement Tel: 267-991-2111
CONTACT US

# ഒസിഐ കാർഡ് ലൈഫ് ലോംഗ് വീസയാക്കാനുള്ള തീരുമാനത്തെ തോമസ് ടി. ഉമ്മൻ സ്വാഗതം ചെയ്തു

**മൊയ്തീൻ പുത്തൻചിറ**



ന്യൂയോർക്ക്: ഒസിഐ കാർഡിന് ലൈഫ് ലോംഗ് വീസയാക്കണമെന്ന പ്രവാസികളുടെ ദീർഘകാലത്തെ ആവശ്യം പരിഗണിച്ച് നിയമത്തിൽ കാതലായ മാറ്റം വരുത്താനുള്ള ഇന്ത്യാ ഗവൺമെന്റിന്റെ തീരുമാനത്തെ ഫോമാ പൊളിറ്റിക്കൽ ഫോറം മുൻ ചെയർമാൻ തോമസ് ടി. ഉമ്മൻ സ്വാഗതം ചെയ്തു.

ദീർഘകാലമായി ഈ ആവശ്യമുന്നയിച്ച് താനും സഹപ്രവർത്തകരും നിരന്തരം ഇന്ത്യാ ഗവൺമെന്റിനോട് ആവശ്യപ്പെട്ടുകൊണ്ടിരുന്നതാണെന്നും, ലക്ഷക്കണക്കിന് പ്രവാസികൾക്ക് ഈ തീരുമാനം ഏറ്റവും ഗുണകരമാകുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഇനി മുതൽ ഒസിഐ കാർഡിന് അപേക്ഷിക്കുന്നവർക്കു മുൻകാലങ്ങളിലെപ്പോലെ വിദേശ പാസ്പോർട്ടിലായിരിക്കില്ല വീസ സ്റ്റിക്കർ പതിക്കുന്നതെന്നു ഗവൺമെന്റ് ഉത്തരവിൽ പറയുന്നു. പകരം ഒസിഐ കാർഡിൽത്തന്നെ 'ലൈഫ് ലോംഗ്' വീസ എന്നു രേഖപ്പെടുത്തുന്നതായിരിക്കും. നിലവിൽ വിദേശ പാസ്പോർട്ടിലാണു യു വീസ പതിച്ചിരിക്കുന്നത്. ഇന്ത്യയിലേക്കു യാത്ര ചെയ്യുമ്പോൾ യു വീസ പതിപ്പിച്ച പാസ്പോർട്ടും ഒസിഐ കാർഡും കൂടെ കരുതണം. കാലഹരണപ്പെട്ട പാസ്പോർട്ടാണെങ്കിൽ പുതിയ പാസ്പോർട്ടും പഴയ പാസ്പോർട്ടും ഒസിഐ കാർഡും വേണം. അതില്ലാതെ യാത്ര ചെയ്ത പലരേയും വിമാനത്താവളങ്ങളിൽ തടഞ്ഞു വെക്കുകയോ പിഴ അടപ്പിക്കുകയോ ചെയ്യുന്നത് പതിവാണ്. ഈ ചിന്താക്കുഴപ്പം ഒഴിവാക്കാനാണ് ഇന്ത്യാ ഗവണ്മെന്റിന്റെ പുതിയ ഉത്തരവ്.

എന്നിരുന്നാലും നിലവിൽ ഒസിഐ കാർഡുള്ളവർ യു വീസ സ്റ്റിക്കർ പതിപ്പിച്ച പാസ്പോർട്ടും യാത്ര ചെയ്യുമ്പോൾ കൈയിൽ കരുതണം. എന്നാൽ, കാലഹരണപ്പെട്ട പാസ്പോർട്ടിലാണു യു വീസ എങ്കിൽ അതില്ലാതെ യാത്ര ചെയ്യുന്നവരെ വിമാനത്താവളങ്ങളിൽ തടഞ്ഞുവയ്ക്കുകയോ അനാവശ്യമായ നടപടിക്രമങ്ങളിലേക്കു വലിച്ചിഴയ്ക്കുകയോ ചെയ്യരുതെന്നു ഗവണ്മെന്റ് ഉത്തരവിൽ പറയുന്നുണ്ടെന്നു തോമസ് ടി. ഉമ്മൻ പറഞ്ഞു. കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും ഇന്ത്യാ ഗവണ്മെന്റിന്റെ ഏതു തീരുമാനത്തേയും സംശയദൃഷ്ടിയോടെ വീക്ഷിക്കുന്ന പ്രവാസികൾ ഏതെങ്കിലും കാരണവശാൽ വിമാനത്താവളങ്ങളിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നത് ഒഴിവാക്കാൻ ഒസിഐ വീസ സ്റ്റിക്കർ പതിപ്പിച്ച, കാലഹരണപ്പെട്ട വിദേശ പാസ്പോർട്ടും കൈയിൽ കരുതണമെന്നും തോമസ് ടി. ഉമ്മൻ അഭ്യർത്ഥിച്ചു.

ഒസിഐ കാർഡ് തന്നെ ആജീവനാന്ത വിസയാക്കി മാറ്റണമെന്നും, വിദേശ പാസ്പോർട്ടിൽ വീസാ സ്റ്റിക്കർ പതിക്കരുതെന്നുമുള്ള ദീർഘ വർഷങ്ങളായി പ്രവാസികൾ മുറവിളി കൂട്ടിയ ആവശ്യം പ്രധാനമന്ത്രി നരേന്ദ്ര മോഡിയുടെ സർക്കാർ നടപ്പാക്കിയതിൽ പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു എന്ന് തോമസ് ടി. ഉമ്മൻ പ്രസ്താവിച്ചു. ഇനി മുതൽ ലൈഫ് ലോംഗ് വിസ ~~Visa validtiy Lifelong~~ ഒസിഐ കാർഡിലായിരിക്കും ഉണ്ടാവുക.

# മറ്റുള്ളവരെ തിരുത്തുന്നതിനുമുമ്പു നമ്മെ തിരുത്തുക: മാർ ജേക്കബ് അങ്ങാടിയത്ത്



*സൗത്ത് ഫ്ളോറിഡ:* 'മറ്റുള്ളവരിലേക്ക് തിരിയാതെ നമ്മിലേക്കു തിരിയുക, മറ്റുള്ളവരെ തിരുത്തുന്നതിനു മുമ്പ് നമ്മെ തിരുത്തുക'. ഷിക്കാഗോ രൂപതയുടെ ഇടയശ്രേഷ്ഠനായ മാർ ജേക്കബ് അങ്ങാടിയത്ത് ഫെബ്രുവരി 22നു കോറൽസ്പ്രിംഗിലുള്ള ഔവർ ലേഡി ഓഫ് ഹെൽത്ത് ഫൊറോനാ ദേവാലയത്തിലെ ഇടയ ജനങ്ങൾക്കു നൽകിയ സന്ദേശത്തിൽ പറഞ്ഞു.

സപ്തതിയിൽ എത്തിനിൽക്കുന്ന മാർ ജേക്കബ് അങ്ങാടിയത്ത് ലാളിത്യത്തിന്റെ പ്രതീകമാണ്. പ്രാർഥന ഉപാസനയാക്കിയ അദ്ദേഹത്തിന്റെ ജീവിതചര്യകളെക്കുറിച്ച് ഇടവക വികാരി ഫാ. കുര്യാക്കോസ് കുമ്പക്കീൽ സംഗ്രഹിക്കുകയുണ്ടായി. ഈ അജപാലകന്റെ സപ്തതി ആഘോഷങ്ങളുടെ ഭാഗമായി എഴുപത് കുട്ടികൾ റോസാപുഷ്പങ്ങൾ നൽകി അദ്ദേഹത്തെ ആദരിച്ചു. കൂടാതെ 35 വർഷങ്ങളായി പത്മശ്രീ കെ.ജെ. യേശുദാസിന്റെ ഗിറ്റാറിസ്റ്റായ അതുല്യപ്രതിഭ ജോബി തുണ്ടത്തിലിന്റേയും, എൽസി വാതേ്യലിലിന്റെയും നേതൃത്വത്തിൽ ഗായക സംഘം ഇടയശ്രേഷ്ഠനു വേണ്ടി പ്രത്യേകം തയാറാക്കിയ മംഗളഗാനം ആലപിക്കുകയുണ്ടായി. മംഗളഗാനത്തിന്റെ രചയിതാവ് ജോജോ വാതേ്യലിലും, ഈണം പകർന്ന് ചിട്ടപ്പെടുത്തിയത് ജോബി തുണ്ടത്തിലുമാണ്. ജോസ്മാൻ കരേടന്റെ തബലയുടെ താളലയം ഗാനാലാപനത്തിന് ഏറെ ഇമ്പമേകി.

കോറൽസ്പ്രിംഗ് ഫൊറോനാ ദേവാലയത്തിന്റെ വളർച്ചയുടെ ഭാഗമായി ദേവാലയത്തോടു ചേർന്ന് പണികഴിപ്പിക്കുന്ന സോഷ്യൽ ഹാളിന്റെ കല്ലിടീൽ കർമം മാർ അങ്ങാടിയത്ത് നിർവഹിക്കുകയുണ്ടായി. ഇരുനൂറിലേറെ ഇടവകാംഗങ്ങൾ ഈ ഹാൾ നിർമാണത്തിലേക്കുള്ള ചെക്കും വാഗ്ദാനപത്രികയും പിതാവിനെ ഏല്പിക്കുകയുണ്ടായി. ഈ ദേവാലയത്തിന്റെ വളർച്ചയ്ക്കുപിന്നിൽ തുടക്കംമുതൽ പ്രവർത്തിച്ച ഫാ. ജയിംസ് പറപ്പള്ളി, ഫാ. ജോൺ മേലേപ്പുറം, ഫാ. സക്കറിയാസ് തോട്ടുവേലിൽ എന്നിവരെ ഫാ. കുര്യാക്കോസ് കുമ്പക്കീൽ നന്ദിയോടെ സ്മരിക്കുകയുണ്ടായി. ഫാ. ജോർജ് കിടങ്ങൻ അന്നത്തെ എല്ലാ പരിപാടികളിലും പങ്കെടുത്തു.

പാരീഷ് കൗൺസിൽ അംഗങ്ങളും, ട്രസ്റ്റിമാരായ ജോസ് വെമ്പാല, ജോസ് ചാഴൂർ, ബിനോയ് ജോർജ്, ആന്റണി തോട്ടത്തിൽ എന്നിവരും മുൻ ട്രസ്റ്റിമാരായ തോമസ് പുല്ലാട്ട്, ബെന്നി പാറത്തലയ്ക്കൽ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങളായ ലൂക്കോസ് പൈനുങ്കൽ, ജയിംസ് മാരൂർ, പാരീഷ് സെക്രട്ടറി ലാലി പാറത്തലയ്ക്കലും എല്ലാ ചടങ്ങുകൾക്കും നേതൃത്വം നൽകി. ജെസി പാറത്തുണ്ടിൽ അറിയിച്ചതാണിത്.

# നിര്യാതരായി

## പൊന്നമ്മ മാത്യു



ഒക്‌ലഹോമ: റാന്നി ആയൂർ പുളിതിട്ട വടക്കേൽ പരേതനായ കെ.എ. മത്തായിയുടെ മകളും പാലക്കാട് വടക്കഞ്ചേരി പെരുമ്പലത്ത് വീട്ടിൽ സാമുവൽ മാത്യുവിന്റെ ഭാര്യയുമായ പൊന്നമ്മ (60) ഫെബ്രുവരി 23നു(തിങ്കൾ) നിര്യാതയായി.

സംസ്കാരം മാർച്ച് ഒന്നിന് ഉച്ചയ്ക്ക് മാർത്തോമ പള്ളിയിൽ നടക്കുന്ന ശുശ്രൂഷയെ തുടർന്ന് യുകോൺ സെമിത്തേരിയിൽ. (503 West Vandament Ave, Yukon, OK 73099).

മക്കൾ: ജോയിഡ്, ജോയൽ. സഹോദരങ്ങൾ: കെ.എം. സൈമൺ, മേരി രാജു, സൂസമ്മ ഫിലിപ്പ്, അനു വർഗീസ്, ആലീസ് മാത്യു, മാത്യൂസ് കെ. മാത്യൂസ്, പരേതനായ കെ.എം.ഏബ്രഹാം.വാർത്ത നൽകിയത്: ശങ്കരൻകുട്ടി

## ഏലിയാസ് ടൈറ്റസ്



ന്യൂയോർക്ക്: അമേരിക്കയിലെ ആദ്യകാല കുടിയേറ്റക്കാരിലൊരാളായ അങ്കമാലി മേയ്ക്കാട് അരീക്കൽ ഏലിയാസ് ടൈറ്റസ്(77) ന്യൂയോർക്കിൽ നിര്യാതനായി.

ഭാര്യ: പരേതയായ മേരി ഏലിയാസ്. മക്കൾ: ടെറി ഏലിയാസ് അരീക്കൽ, ടിഷ സൂസൻ അരീക്കൽ. സഹോദരങ്ങൾ: പരേതനായ എ.ടി. പൗലോസ്, സലോമി പൗലോസ്, ബേബി വർഗീസ്, വർഗീസ് ടൈറ്റസ്, ആലീസ് പൗലോസ്, ഏബ്രഹാം ടൈറ്റസ്, ഗ്ലാഡിസ് കുരിയപ്പുറം.

സംസ്കാര ചടങ്ങുകളെക്കുറിച്ചുള്ള വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്: ജോസഫ് കുരിയപ്പുറം 845 507 2667, ഏബ്രഹാം ടൈറ്റസ് 818 773 0426.

വാർത്ത നൽകിയത്: *മൊയ്തീൻ പുത്തൻചിറ*

## ഫാ.തമ്പാൻ വർഗീസിന്റെ മാതാവ്



ഡാളസ്: ഇർവിംഗ് സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവക വികാരി റവ.ഫാ.തമ്പാൻ വർഗീസിന്റെ മാതാവും കരുനാഗപ്പള്ളി മണപ്പള്ളി തൈതറ എബനേസർ വില്ലയിൽ പരേതനായ കോശി ഉണ്ണൂണ്ണിയുടെ സഹധർമിണിയുമായ കുഞ്ഞമ്മ(91) നിര്യാതയായി. സംസ്കാരം ഫെബ്രുവരി 25 ന് (ബുധൻ) 10ന് മണപ്പള്ളി സെന്റ് മേരീസ് ശാലോം ഓർത്തഡോക്സ് പള്ളിയിൽ.

മറ്റുമക്കൾ: ജോയി, തങ്കച്ചൻ, ലില്ലി പരേതനായ യേശുദാസ്. മരുമക്കൾ: കുഞ്ഞമ്മ, പൊന്നമ്മ, കുഞ്ഞുമോൾ, വൈ.കോശി (മുൻ മർത്തമറിയം സമാജം ജനറൽ സെക്രട്ടറി) സൂസൻ തമ്പാൻ.

അനുശോചനത്തിന് : ഫാ. തമ്പാൻ വർഗീസ് 91 980 943 5016

വാർത്ത നൽകിയത്: ഷാജി രാമപുരം

## അമ്മാളുകുട്ടി



ഡാളസ്: തോട്ടുങ്കൽ ജോൺ മാത്യുവിന്റെ ഭാര്യയും നിരണം പട്ടമുക്കിൽ കുടുംബാംഗവുമായ അമ്മാളുകുട്ടി (82) നിര്യാതയായി.

സംസ്കാരം ഫെബ്രുവരി 26 വ്യാഴാഴ്ച രാവിലെ പതിനൊന്നിനു തിരുവല്ല വാരിക്കാട് സെഹിയോൻ മാർത്തോമാ ചർച്ചിൽ നടന്നു.

വേൾഡ് മലയാളി ഡാളസ് ഫോർട്ട് വർത്ത് പ്രൊവിൻസ് നേതാവുമായ ഫിലിപ്പ് ശാമുവേലിന്റെ ഭാര്യാമാതാവാണ് പരേത. മക്കൾ: ലിസി ഫിലിപ്പ്-ഫിലിപ്പ് ശാമുവേൽ (സണ്ണി വെയ്ൽ ഡാളസ്), ജോൺസൺ-ലീലാമ്മ (ദീപ്തി ഫൂട്ട് വെയർ, തിരുവല്ല), സരസു - ജോൺസൺ (മുംബൈ), കൊച്ചുമോൾ-ഷിബു(വാഷിംഗ്ടൺഡിസി), കൊച്ചു മോൻ-ഷീല (സൗദി അറേബ്യ). കൂടുതൽ വിവരങ്ങൾക്ക്: ഫിലിപ്പ് ശാമുവേൽ 214 906 1184 (ഡാളസ്), ജോൺസൺ മാത്യൂ 919847220076 (ഇന്ത്യ).

# വാഷിംഗ്ടണിൽ പോട്ട ടീം നയിക്കുന്ന ധ്യാനം മാർച്ച് 13, 14 തീയതികളിൽ

വാഷിംഗ്ടൺ: മുരിങ്ങൂർ ധ്യാന കേന്ദ്രം (DCRM.ORG) ഡയറക്ടർ ഫാ. അഗസ്റ്റിൻ വെള്ളൂരാൻ നയിക്കുന്ന ധ്യാനവും വചന ശുശ്രൂഷയും മാർച്ച് 13, 14 (വെള്ളി, ശനി) തീയതികളിൽ വിർജിനിയായിലുള്ള, വിയന്ന സെന്റ് മാർക്ക് കത്തോലിക്കാ പള്ളിയിൽ നടത്തുന്നു.

വെള്ളിയാഴ്ച വൈകുന്നേരം ആറു മുതൽ രാത്രി ഒമ്പതു വരെയും ശനിയാഴ്ച രാവിലെ ഒമ്പതു മുതൽ വൈകുന്നേരം നാലു വരെയുമാണു ധ്യാനം.

ധ്യാനത്തോടനുബന്ധിച്ച് പ്രശസ്ത ഗായകരായ Glen & Teresa Larive നയിക്കുന്ന ഗാന ശുശ്രൂഷയും ഉണ്ടായിരിക്കും.

ഏവരേയും ധ്യാനത്തിലേക്കും വചന ശുശ്രൂഷയിലേക്കും സ്വാഗതം ചെയ്യുന്നതായി സംഘാടകർ അറിയിച്ചു.

**മാത്യു പോൾ**

# കണക്ടിക്കട്ടിൽ നോമ്പുകാല നവീകരണ ധ്യാനം





കണക്ടിക്കട്ട്: ക്യൂൻമേരി മിനിസ്ട്രിയുടെ നേതൃത്വത്തിൽ കണക്ടിക്കട്ടിലുള്ള ഔവർ ലേഡി ഓഫ് അസംപ്ഷൻ സീറോ മലബാർ കാത്തലിക് മിഷനിൽ മാർച്ച് മാസം 14, 15 തീയതികളിൽ നോമ്പുകാല കുടുംബ നവീകരണ ധ്യാനം നടത്തുന്നു. അനുഗ്രഹീത വചന പ്രഘോഷകരായ ഫാ. റ്റോം തോമസ് എംഎസ്എഫ്എസ്, ബ്രദർ പി.ഡി. ഡൊമിനിക് (ചെയർമാൻ, മരിയൻ ടിവി), ബ്ര. മാത്യു ഡൊമിനിക് എന്നിവർ നേതൃത്വം നൽകുന്നു.

രണ്ടു ദിവസങ്ങളിലായി നടത്തപ്പെടുന്ന ഈ ധ്യാനം മാർച്ച് 14നു ശനിയാഴ്ച രാവിലെ ഒമ്പതു മുതൽ വൈകിട്ട് ആറുവരേയും, 15നു ഞായറാഴ്ച രാവിലെ ഒമ്പതു മുതൽ വൈകുന്നേരം അഞ്ചു വരെയുമാണ്. ധ്യാനം നടക്കുന്ന സ്ഥലം: Our Lady of Star of the sea Church, 1200 Shippan Ave, Stamford, CT 06902.

കർത്താവിന്റെ പീഡാസഹനത്തെക്കുറിച്ചു ധ്യാനിക്കുന്ന ഈ പുണ്യപ്പെട്ട വലിയനോമ്പവസരത്തിൽ ദൈവവചനത്താൽ പ്രബുദ്ധരായി ആത്മപരിവർത്തനം നേടുവാനും വിശ്വാസത്തിന്റെ ആഴങ്ങളിലേക്ക് വളരുവാനും, സൗഖ്യത്തിന്റെ കൃപയിലേക്കു കടന്നുവരുവാനും സഭാവ്യത്യാസമെന്യേ മിഷൻ ഡയറക്ടർ ഫാ. ജയിംസ് വട്ടക്കുന്നേൽ വി.സി. ക്ഷണിക്കുന്നു. ധ്യാനദിവസങ്ങളിൽ പ്രത്യേകമായി രോഗശാന്തി പ്രാർത്ഥനയും, ആന്തരിക സൗഖ്യപ്രാർത്ഥനയും, പരിശുദ്ധാത്മാഭിഷേക പ്രാർത്ഥനയും, കുടുംബ നവീകരണ പ്രാർഥനയും ഉണ്ടായിരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക്: ഫാ. ജയിംസ് വട്ടക്കുന്നേൽ (ഡയറക്ടർ) 203 451 0017, വിൽസൺ പൊട്ടയ്ക്കൽ (നോർവാക്ക് കോർഡിനേറ്റർ) 203 216 4859, ബിജു വർക്കി (914 565 6325), സിറിയക് കോട്ടൂർ (സ്റ്റാംഫോർഡ് കോർഡിനേറ്റർ) 210 317 0900, ബോബി ജോർജ് (516 244 8910), സൻജു ആന്റണി (ഫെയർഫീൽഡ് കോർഡിനേറ്റർ) 203 274 2702, ജോജി ജോസഫ് (203 455 4682, റോയി സെബാസ്റ്റ്യൻ (ഡാൻബറി കോർഡിനേറ്റർ) 203 770 0249, ജോബിൻ ജോർജ് (203 482 1821).

# മാർത്തോമ സുവിശേഷ സേവികാ സംഘം വെസ്റ്റേൺ റീജൺ കോൺഫറൻസ് മാർച്ച് 14ന്

**പി.പി. ചെറിയാൻ**

ലോസ് ആഞ്ചലസ്: മാർത്തോമ വെസ്റ്റേൺ റീജൺ സേവികാസംഘം ഏകദിന സമ്മേളനം മാർച്ച് 14നു രാവിലെ ഒമ്പതു മുതൽ വൈകുന്നേരം നാലു വരെ ലോസ് ആഞ്ചലസ് മാർത്തോമ ചർച്ചിൽ നടക്കും.

വുമൺ ഇൻ മിനിസ്ട്രി എന്ന വിഷയമാണു സമ്മേളനത്തിൽ പ്രധാനമായും ചർച്ച ചെയ്യപ്പെടുക. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ മാർച്ച് ഒന്നിനു മുമ്പ് രജിസ്റ്റർ ചെയ്യണമെന്ന് സമ്മേളനത്തിന്റെ കോ-ഓർഡിനേറ്റർമാരായ ബിന്ദു തോമസ്, ആനി വർഗീസ് എന്നിവർ അറിയിച്ചു.

ലോസ് ആഞ്ചലസ് മാർത്തോമ സുവിശേഷ സേവികാ സംഘമാണു സമ്മേളനത്തിന് ആതിഥ്യമരുളുന്നത്.

കൂടുതൽ വിവരങ്ങൾക്ക്: റവ. ജോൺ ഉമ്മൻ 626 274 2275.

# അമേരിക്കൻ മലങ്കര അതിഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് ജൂലൈ 15 മുതൽ 18 വരെ






**മാർട്ടിൻ വിലങ്ങോലിൽ**

പെൻസിൽവാനിയ: അമേരിക്കൻ മലങ്കര അതിഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് ജൂലൈ 15 മുതൽ 18 വരെ പെൻസിൽവാനിയ ലാൻകാസ്റ്റർ ഹോസ്റ്റ് റിസോർട്ടിൽ നടത്തുന്നതിനുള്ള വിപുലമായ ക്രമീകരണങ്ങൾ പുരോഗമിച്ചു വരുന്നു.

ആഗോള സുറിയാനി സഭയുടെ പരമാധ്യക്ഷനായ മോറാൻ മോർ ഇഗ്നാത്തിയോസ് അഫ്രേം രണ്ടാമൻ പാത്രിയർക്കീസ് ബാവായുടെ സാന്നിധ്യം അതിഭദ്രാസനത്തിന്റെ ചരിത്രത്തിലാദ്യമായി ഈ ആത്മീയ കൂട്ടായ്മയുടെ ആദ്യാവസാനം ഉണ്ടായിരിക്കുമെന്നുള്ളതുതന്നെയാണ് ഈ വർഷത്തെ ഫാമിലി കോൺഫറൻസിന്റെ പ്രത്യേകതകളിൽ പ്രധാന ഘടകം.

പരിശുദ്ധ ബാവായോടൊപ്പം ചുരുങ്ങിയ ദിവസങ്ങൾ കഴിച്ചു കൂട്ടുന്നതിനും അതുവഴി ശ്ലൈഹിക വാഴ്വുകൾ സ്വീകരിച്ച് ആത്മീയനിറവിൽ സമ്പന്നരാകുവാനുള്ള ആ അസുലഭ സന്ദർഭത്തിനായി, സഭാ മക്കൾ ആകാംഷയോടെ കാത്തിരിക്കുകയാണ്. ഭദ്രാസനത്തിന്റെ വിവിധ ദേവാലയങ്ങളിൽനിന്നായി നൂറുകണക്കിനു വിശ്വാസികൾ പേര് രജിസ്റ്റർ ചെയ്തുവെന്നുള്ളതു കുടുംബമേളയുടെ വിജയത്തിനായുള്ള ശുഭസൂചനയായി കണക്കാക്കുന്നുവെന്നു ഭാരവാഹികൾ സൂചിപ്പിച്ചു.

ഇടവക മെത്രാപ്പോലീത്തയെൽദോ മാർ തീത്തോസ് തിരുമേനിയുടെ മേൽനോട്ടത്തിൽ, മാത്യൂസ് ഇടത്തറ കോർ എപ്പിസ്കോപ്പാ, സാജു പൗലോസ് മാരോത്ത് എന്നിവർ ജനറൽ കൺവീനർമാരായും ഫാ. പോൾ ടി. പറമ്പത്ത്, കമാന്റർ ജോബി ജോർജ് എന്നിവർ കൺവീനറന്മാരായും ഭദ്രാസന കൗൺസിൽ മെംബേഴ്സ് സബ് കമ്മിറ്റി കോഓർഡിനേറ്റർമാരായും ഉള്ള കമ്മിറ്റി, സഭാ ചരിത്രത്തിൽത്തന്നെ നാഴികക്കല്ലായി മാറുന്ന ഈ കുടുംബ സംഗമം വൻ വിജയമാക്കി തീർക്കുന്നതിനുള്ള വിപുലമായ ക്രമീകരണങ്ങൾ നടത്തി വരികയാണ്. അമേരിക്കൻ മലങ്കര അതിഭദ്രാസന പിആർഒ കുറുത്തോടത്ത് ജോർജ് അറിയിച്ചതാണിത്.



ഡോ.മാവേലിക്കര അച്യുതൻ

# ചെറുകാടിന്റെ യാത്ര

പ്രസിദ്ധ സാഹിത്യകാരനായ ചെറുകാട് സി.ഗോവിന്ദപിഷാരടിയുടെ നൂറാം പിറന്നാളായിരുന്നു ഇക്കഴിഞ്ഞ ആഗസ്റ്റ് 24ന്. അന്നുമുതലുള്ള ഒരു വർഷം കേരളീയർക്ക് അദ്ദേഹത്തിന്റെ ജന്മശതാബ്ദി ആഘോഷക്കാലമാണ്. 1888ൽ പുന്നശ്ശേരി നമ്പി നീലകണ്ഠ ശർമ്മ സ്ഥാപിച്ച സംസ്കൃത കലാശാലയെ 1958ൽ പട്ടാമ്പി സംസ്കൃത കോളേജായി ഉയർത്തി സർക്കാർ ഏറ്റെടുത്തത് ഇ.എം.എസ്സിന്റെയും ചെറുകാടിന്റെയും പരിശ്രമഫലമായിട്ടായിരുന്നു. അവിടെ പ്രൊഫസറായിരുന്ന ചെറുകാട് 1969 പ്രൊഫസറായി ചേർന്നപ്പോൾ എന്നെ 'ഷെൾട്ടർ' എന്ന സ്വന്തം വസതിയിൽ ഒപ്പം താമസിപ്പിച്ചിരുന്നു. 1976ൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രികാര്യാലയത്തിൽ സംസ്കൃത വിദ്യാഭ്യാസ ആഫീസറായി കഴിയുന്ന കാലത്താണ് എന്റെ പ്രിയമിത്രം അന്തരിച്ച വാർത്ത കേൾക്കാനിടയായത്. അക്കാലത്തു പ്രസിദ്ധീകരിച്ച അനുസ്മരണലേഖനം ഈ ശതാബ്ദിവേളയിൽ ഒരു പുനർവായനയ്ക്ക് വിധേയമാക്കുന്നത് ഇപ്പോൾ സമുചിതമായിരിക്കുമെന്നു കരുതുന്നു.

**ചെറുകാടിന്റെ യാത്ര**

കഥാവശേഷനായ ചെറുകാട് എനിക്കെന്നും ഒരു ജ്യേഷ്ഠ ഭ്രാതാവായിരുന്നു. കൃത്യമായും ഒരു വർഷമായിരിക്കുന്നു അദ്ദേഹത്തിന്റെ അവസാനത്തെ കത്ത് കിട്ടിയിട്ട്. അതിൽ അദ്ദേഹം ഇങ്ങനെ എഴുതി.

ചേലക്കാട്
1-11-65

സുഹൃത്തേ സുഖമല്ലേ?....

എനിക്കു പൊതുവിൽ സുഖം തന്നെ...

ഒന്നുരണ്ടു കൊല്ലത്തിനിടയ്ക്ക്-എപ്പോഴെന്നിപ്പോൾ പറയാനൊക്കില്ല-ഞാൻ ദൽഹിയിൽ വരും. ഒരുപക്ഷേ എന്റെ വീട്ടുകാരിയുമുണ്ടാകും. ബോംബെ അഹമ്മദബാദ് വഴി ദൽഹിയിൽ വന്ന് ആഗ്ര, അലഹബാദ്, വാരണാസി, കൽക്കത്ത വഴി തിരിച്ച് ഒരു ഭാരതപ്രദക്ഷിണ പര്യടനം നടത്താൻ കമ്പമുണ്ട്.

അന്നും നിങ്ങൾ ദൽഹിയിൽ തന്നെയുണ്ടാവട്ടെ എന്നാശിക്കുന്നു.

ഇപ്പോൾ നിറുത്തട്ടെ.

നവംബർ 28 ഞായറാഴ്ചയാണു സാഹിത്യ അക്കാദമി എനിക്കും മറ്റും അവാർഡു വിതരണം ചെയ്യുന്നത്. ഞാനതു വാങ്ങാൻ പോകുന്നു.

ചെറുകാട്.

നീണ്ട ആ കത്തിൽ നിന്ന് പ്രസക്തമായ ചില ഭാഗങ്ങൾ മാത്രമാണ് മേലുദ്ധരിച്ചത്.

പ്രതീക്ഷ തെറ്റി. എന്റെ ജ്യേഷ്ഠഭ്രാതാവിനു ഡൽഹിയിൽ വരാൻ തരമായില്ല. മറ്റൊരിടത്തേക്കാണ് അദ്ദേഹം യാത്രയായത്. നമ്മളെല്ലാം ഒരുനാൾ നിശ്ചയമായും ചെന്നെത്തേണ്ട അത്ഭുതങ്ങൾ ഉറങ്ങുന്ന ആ അജ്ഞാത ലോകത്തിലേക്ക്...

ഇതെഴുതുമ്പോൾ വർഷങ്ങൾക്ക് മുമ്പ് ചെറുകാട് നടത്തിയ ആദ്യത്തെ ഭാരതപര്യടനത്തെപ്പറ്റി ഓർമ്മിച്ചു പോവുകയാണ്. ഞാൻ പട്ടാമ്പിയിലുള്ള അദ്ദേഹത്തിന്റെ വസതിയിൽ താമസിച്ചിരുന്ന കാലം.

ഒരുദിവസം തട്ടും മുട്ടും കേട്ട് ഞാൻ വെളിയിലേക്കിറങ്ങിച്ചെന്നു. ഒരു വിശ്വകർമ്മൻ വീഞ്ഞപ്പെട്ടിയുടെ പലകകൾകൊണ്ട് ഒരു പുതിയ പെട്ടി തട്ടിക്കൂട്ടുന്ന തിരക്കിലാണ്. നിർദ്ദേശങ്ങൾ കൊടുത്തുകൊണ്ട് ചെറുകാടും അടുത്തുണ്ട്.

'നോവലിന്റെ പണി വിട്ട് പേടകത്തിന്റെ പണിയിലായോ?' ഞാൻ ചോദിച്ചു.

'ദേവലോകം വിട്ട് ഭൂമിയിലേക്കിറങ്ങി വരാൻ തന്നെ തീരുമാനിച്ചു. ഭൂമി മുഴുവൻ കണ്ടിട്ട് വീണ്ടും ദേവലോകത്തിലേക്കു കയറും' ചെറുകാടിന്റെ ശൈലിയിലുള്ള മറുപടി.

അന്നദ്ദേഹം 'ദേവലോകം' എന്ന നോവലിന്റെ പണിപ്പുരയിലായിരുന്നു.

'ഈ വീഞ്ഞപ്പെട്ടിയുമായിട്ടാണോ വടക്കേ ഇന്ത്യയിലേക്കു പോകുന്നത്. ക്ഷയായി'

'ഒരു സ്റ്റൗ കൊണ്ടുപോകണം. മണ്ണെണ്ണകൊണ്ടു പോകണം. അതൊക്കെ സഞ്ചിയിൽ ഒതുക്കാൻ വിഷമം.'

'സഞ്ചിയിൽ നിന്നും പെട്ടിയിലേക്ക്. കൊള്ളാം. എന്റെ മാസ്റ്ററേ ഈ വീഞ്ഞപ്പെട്ടിയും പൊക്കിയെടുത്തുകൊണ്ടു പോയാൽ ആളുകൾ ചിരിക്കും. ഒരു തോൽസഞ്ചിയിൽ ഒതുങ്ങാത്തതൊന്നും കൊണ്ടുപോകരുത്.'

പ്രായോഗിക വൈഷമ്യങ്ങൾ വിശദീകരിച്ചപ്പോൾ എന്റെ നിർദ്ദേശം അദ്ദേഹം സ്വീകരിച്ചു.

'സ്വയം പാകം ചെയ്ത ആഹാരമാണ് ഏറ്റവും രുചികരം. വല്ലവനും വച്ചു വിളമ്പുന്ന വൃത്തികേടുകൾ തിന്നാൻ എന്നെക്കിട്ടില്ല. അതുകൊണ്ടാണ് ഞാനീ സ്റ്റൗവും ചുമന്നു പോകുന്നത്.' അദ്ദേഹത്തിന്റെ വിശദീകരണം.

'ശുദ്ധം' കടുകട്ടിയാണ്. മത്സ്യമാംസങ്ങൾ തൊടില്ല. കമ്യൂണിസത്തിലെന്നപോലെ ഈശ്വരനിലും ഉറച്ച ഭക്തി. പുലരുംമുമ്പ് അദ്ദേഹത്തിന്റെ നാവിൽ നിന്നും ഉതിരുന്ന നാരായണീയശ്ലോകങ്ങൾ കേട്ടായിരുന്നു ആയിടെ ഞാൻ ഉറക്കമുണർന്നിരുന്നത്. 'മുട്ട കഴിക്കുന്ന സ്വഭാവമുണ്ടെങ്കിൽ തോട് ആ വേലിയുടെ അപ്പുറത്തെറിഞ്ഞേക്കണം.' താമസിക്കാൻ ചെന്ന ദിവസം തന്ന നിർദ്ദേശമാണ്.

'തോടുകൂടി അങ്ങു ഭക്ഷിച്ചേക്കാം' ഞാൻ ഫലിതം പറഞ്ഞു.

ആദ്യത്തെ ഡൽഹിയാത്രയിൽ പ്രധാനസ്ഥലങ്ങളിൽ ചെല്ലുമ്പോഴൊക്കെ എനിക്ക് എഴുത്തയച്ചിരുന്നു. തിരുപ്പതിയിൽ ചെന്നപ്പോൾ എനിക്കിങ്ങനെ എഴുതി.

തിരുപ്പതി
20-7-70

'പ്രീയപ്പെട്ട അച്യുതൻ സാർ. ഞാൻ ഇന്നലെ ഇവിടെയെത്തി. പട്ടാമ്പി സംസ്കൃതത്തിന്റെ കയറ്റുമതി സ്ഥലമാണെന്നും പട്ടാമ്പിയിലെ സംസ്കൃതത്തിൽ കലർപ്പില്ലെന്നും വ്യക്തമാക്കുന്ന ശ്രീകൃഷ്ണ ശർമ്മയുടെ അതിഥിയായി ജീവിക്കുന്നു. ഇതെഴുതിയത് നമ്മുടെ കോളജിൽ സംസ്കൃതം പഠിക്കുന്ന എന്റെ മകനും മായം ചേർക്കാത്ത സംസ്കൃതപണ്ഡിതനാവണമെന്നും അവനെ അങ്ങനെയാക്കാൻ നിങ്ങൾ പരമാവധി സഹായിക്കണമെന്നും ഉൽബോധിപ്പിക്കാനാണ്...'

20-ാം തീയതിക്കടുത്ത് അഹമ്മദാബാദിലേക്കു പോകും. ആരോഗ്യത്തിനു കുഴപ്പമൊന്നുമില്ല' ചെറുകാട്.

ഇതുപോലെ എത്രയെത്ര കത്തുകൾ.

മേല്പറഞ്ഞ കത്തിൽ പരാമൃഷ്ടനായ 'മകൻ മദനൻ എന്റെ പ്രിയശിഷ്യനായിരുന്നു. അയാൾക്കു കിട്ടിയത് മായം ചേരാത്ത സംസ്കൃതമാണോ എന്നെനിക്കറിഞ്ഞുകൂടാ.'

ചെറുകാടിന്റെ ഒടുവിലത്തെ മകനെ ഒരിക്കൽ പോലീസിനേല്പിക്കേണ്ടിവന്നു എനിക്ക്. വേദനാകരമായ ആ കൃത്യനിർവ്വഹണത്തിന്റെ പശ്ചാത്തലം പറയാം.

അയാളുടെ പേര് ചിത്രഭാനു എന്ന്. ചേച്ചി ചിത്രയെപ്പോലെ അയാളും പട്ടാമ്പികോളജിൽ സിരകളിൽ സമരവീര്യം തുടിക്കുന്ന ഒരു വിദ്യാർത്ഥി പ്രവർത്തകനായിരുന്നു. എമർജൻസി പ്രഖ്യാപിച്ച സമയം. ആ പ്രഖ്യാപനത്തിനെതിരെ പ്രതിഷേധം പ്രകടിപ്പിക്കാൻ പ്രിൻസിപ്പലിന്റെ മുറി പിക്കറ്റു ചെയ്യാനെത്തി, ചിത്രഭാനുവും കൂട്ടരും. പരീക്ഷ നടക്കുന്ന അവസരമാണ്. കഷ്ടകാലത്തിനു അന്ന് പ്രിൻസിപ്പൽ അവധിയിലായിരുന്നു. ചാർജ്, സീനിയർ പ്രൊഫസറായ എനിക്കും. ചോദ്യക്കടലാസു വിതരണം തടസ്സപ്പെട്ടു. എനിക്കു പോലീസിനു ഫോൺ ചെയ്കയല്ലാതെ ഗത്യന്തരമില്ലായിരുന്നു. പൊലീസു വന്നു പിക്കറ്റു ചെയ്തവരെ അറസ്റ്റു ചെയ്ത് കേസു ചാർജു ചെയ്തു.

ആയിടയ്ക്ക് കോളേജ് വിട്ടിറങ്ങിയപ്പോൾ ചെറുകാട് എതിരെ വരുന്നു. അദ്ദേഹത്തെ നേരിടാൻ എനിക്കു വല്ലാത്ത വിഷമം. ഞാൻ കണ്ടില്ലെന്നു നടിച്ചു.

'എന്താ മാസ്റ്ററേ വിശേഷങ്ങൾ' ചെറുകാട് മുറുക്കാൻ ചവച്ചുചുവന്ന ഉറപ്പുള്ള പല്ലുകൾ കാട്ടി ചിരിച്ചുകൊണ്ട് എന്റെ തോളിൽ തട്ടി. ഞങ്ങൾ പലതും സംസാരിച്ചു. ഞാൻ മൂലം ലാക്കപ്പിലായ മകനെപ്പറ്റി അദ്ദേഹം എന്തെങ്കിലും സംസാരിക്കുമെന്നു പ്രതീക്ഷിച്ചു. പ്രതീക്ഷ തെറ്റി. ഒടുവിൽ ഞാൻ തന്നെ എടുത്തിട്ടു.

'മാസ്റ്ററേ, മകന്റെ പേരിൽ നടപടിയെടുത്തതിൽ വിഷമം തോന്നരുത്. എനിക്ക് മറ്റ് മാർഗ്ഗമില്ലായിരുന്നു.'

'എന്തു വിഷമം. എനിക്കതിൽ സന്തോഷമേയുള്ളു. ആ കസേരയിൽ ഞാനായിരുന്നെങ്കിൽ ഞാനും അതുതന്നെ ചെയ്തേനേ.' നോക്കൂ എന്തൊരു ഹൃദയവിശാലത. ഇതാണ് ചെറുകാട്. എല്ലാം വെട്ടിത്തുറന്ന് പറഞ്ഞ് പൊട്ടിച്ചിരിക്കുന്ന ചെറുകാട്! ഒന്നും ഉള്ളിൽ ഒളിച്ചുവയ്ക്കാനറിഞ്ഞുകൂടാത്ത ചെറുകാട്.

ഉള്ളിലെ ചുവപ്പ് പല്ലിലേക്കു മാത്രമല്ല, സഞ്ചിയിലേക്കും പകർത്തിയിരിക്കുന്നു. സഞ്ചിയില്ലാത്ത ചെറുകാടിനെപ്പറ്റി സ്മരിക്കാൻ പറ്റില്ല. ഇതെഴുതിയപ്പോൾ 'ഒരു നമ്പൂതിരിഫലിതം' ഓർമ്മിച്ചു പോകുന്നു.

ഞങ്ങൾ ഒന്നിച്ചു ഒരു സ്കൂളിന്റെ രജതജൂബിലിക്ക് പ്രസംഗിക്കാൻ പോയി. മാനേജർ വി.എം.സി. നമ്പൂതിരിപ്പാടായിരുന്നു എന്നാണോർമ്മ. അദ്ദേഹത്തിന്റെ വസതിയിൽ ലഘുഭക്ഷണം കഴിക്കുകയാണ് ഞങ്ങൾ. വി.എം.സി.യുടെ അനുജൻ പ്രസിദ്ധ കലാനിരൂപകനായ വി.എസ്.എൻ. ഒരു വിഭവം എനിക്കു വിളമ്പാൻ തുടങ്ങിയപ്പോൾ ചെറുകാട് വിലക്കി. 'അദ്ദേഹത്തിന് പുസ്തകങ്ങളാണ് പ്രധാന ഭോജ്യങ്ങൾ. ഇതൊന്നും ഇഷ്ടമില്ല. ഇങ്ങോട്ടു വിളമ്പിയേക്കൂ.'

ഞാൻ തിരിച്ചടിച്ചു 'ഈ വലിയ എഴുത്തുകാരന് പുസ്തകവായനയോട് വലിയ അലർജിയാണ്. പുസ്തകങ്ങൾ വായിച്ചാൽ പ്രതിഭ മങ്ങിപ്പോകുമെന്ന് എന്നോടു പലപ്പോഴും പറയും.'

'ഞാനൊരു പാചകക്കാരനാണ്. ഞാനുണ്ടാക്കുന്ന വിഭവങ്ങൾതന്നെ ഉള്ളിലാക്കാൻ വിഷമം. പിന്നെ മറ്റുള്ളവരുണ്ടാക്കുന്നതെല്ലാംകൂടി തിന്ന് അജീർണ്ണം വരുത്താൻ എന്തിന് മിനക്കെടണം.' പുസ്തകവായനയെപ്പറ്റി ചെറുകാട് തന്റെ ഫിലോസഫി അവതരിപ്പിച്ചു.

വി.എം.സി.യുടെ നമ്പൂതരിഫലിതം അപ്പോൾ കേൾക്കായി. 'ചെറുകാടിനെപ്പറ്റിയുള്ള ഈ അപവാദം ഞാൻ വിശ്വസിക്കയില്ല. അദ്ദേഹം 'വെൽറെഡ്ഡ്' തന്നെ. സംശയമുള്ളവർ ആ സഞ്ചി നോക്കട്ടെ.'

ഞങ്ങളെല്ലാം അതുകേട്ട് പൊട്ടിച്ചിരിച്ചു. 'വെൽറെഡ്ഡ്' എന്ന വാക്കിന് ധാരാളം വായിക്കുവോൻ എന്നും നല്ലതുപോലെ ചുവന്നത് എന്നും ഉള്ള അർത്ഥങ്ങൾ ഓർമ്മിച്ചാലേ ഈ ഫലിതം ആസ്വാദ്യമാവൂ.

ചെറുകാടിന് ആഡംബരത്തിൽ ലവലേശം ഭ്രമമില്ല. ഒരു അരക്കയ്യൻ ഉടുപ്പും ഒറ്റമുണ്ടും ചേർന്നാൽ ചെറുകാടിന്റെ വേഷമായി. തല ചീകിക്കണ്ടിട്ടില്ല. പലപ്പോഴും ഷേവു ചെയ്യുന്ന കാര്യം തന്നെ മറക്കും. കോളജിലേക്കു പോകുന്ന ആ പ്രൊഫസറെ കണ്ടാൽ വയലിൽ നിന്നു കേറി വരുന്ന ഒരുൾനാടൻ കൃഷിക്കാരന്റെ മട്ടാണ്.

അരോഗദൃഢമായിരുന്നു ആ ശരീരം. ഒരു ജലദോഷം പോലും വന്നതായി ഓർമ്മിക്കുന്നില്ല. എങ്കിലും എത്രപെട്ടെന്നാണ് ആ ബലിഷ്ഠകായനെ മരണം വേട്ടയാടിക്കളഞ്ഞത്.

അദ്ദേഹം എപ്പോഴും യാത്രയിലായിരുന്നു. ജീവിതത്തിന്റെ അപാരതയെ ഉന്നംവെച്ചുകൊണ്ടുള്ള നിലയ്ക്കാത്ത യാത്ര. ആ ജീവിതപ്പാതയിൽ കണ്ടതും കേട്ടതും പഠിച്ചതും അനുഭവിച്ചതുമെല്ലാം നമുക്കദ്ദേഹം പകർന്നുതന്നു. എത്ര പൊടുന്നനവേ ആ യാത്ര അവസാനിച്ചു. ചിന്തയിൽ കളിച്ച് സഞ്ചിയും തൂക്കി ധൃതിയിൽ മുന്നോട്ടു നീങ്ങാറുള്ള ആ മനുഷ്യസ്നേഹിയുടെ പാദസ്പർശമേറ്റ് ഇനി പട്ടാമ്പിയിലെ നടപ്പാതകൾ രോമാഞ്ചമണിയുകയില്ല.

ഒരുപക്ഷേ, ഈ മണ്ണിന്റെ മാറിൽ ആസ്തികനായ ഒരു വലിയ മനുഷ്യൻ ഉറങ്ങി വീണത് മറ്റൊരു ലോകത്ത് ഉണർന്നെഴുന്നേൽക്കാനാവാം. കാപട്യം നിറഞ്ഞ ഈ ഭൂമിയിൽ ആ യാത്ര അവസാനിച്ചുവെങ്കിലും മണ്ണിന്റെ മാലിന്യമേശാത്ത ചൈതന്യം നിറഞ്ഞ മറ്റൊരു ലോകത്ത് അതിപ്പോഴും തുടരുന്നുണ്ടാവാം.

*ജീവിതരേഖ*

മലബാറിലെ ചെമ്മലശ്ശേരിയിൽ 1914 ആഗസ്റ്റ് 24ന് ജനനം. അച്ഛൻ: കീഴിട്ടിൽ പിഷാരത്ത് കരുണാകരപ്പണിക്കർ. അമ്മ: ചെറുകാട് പിഷാരത്ത് നാരായണി പിഷാരസ്യാർ. മലയാളം വിദ്വാൻ, സംസ്കൃത വിദ്വാൻ എന്നീ പരീക്ഷായോഗ്യതകൾ. പാവർട്ടി സംസ്കൃത കോളജ്, പട്ടാമ്പി സംസ്കൃത കോളജ് എന്നിവിടങ്ങളിൽ സംസ്കൃതം പ്രൊഫസർ. ഭാര്യ ലക്ഷ്മീപിഷാരസ്യാർ. ആസാദ്, മലങ്കാടൻ എന്നീ തൂലികാനാമങ്ങളിലും എഴുതിയിരുന്നു. രമണൻ, മദനൻ, ചിത്രഭാനു, കോളജ് വിദ്യാഭ്യാസ ഡയറക്ടറായി വിരമിച്ച ചിത്ര എന്നിവരാണ് മക്കൾ. 62-ാം വയസ്സിൽ 1976ൽ അന്തരിച്ചു.

**പ്രധാനകൃതികൾ**

*കവിതാസമാഹാരം:* ആരാധന, തിരമാല, മനുഷ്യനെ മാനിക്കുക, അന്തഃപുരം.

*നാടകം:* അടിമ, അണക്കെട്ട്, ഒടുക്കത്തെ ഓണം, കുട്ടിത്തമ്പുരാട്ടി, ചിറ്റുവിളക്ക്, തറവാടിത്തം, നമ്മളൊന്ന്, രക്തേശ്വരി.

*നോവൽ:* മരുമകൾ, മുത്തശ്ശി, ശനിദശ, ദേവലോകം.

ചെറുകഥാസമാഹാരം: ചട്ടൻമൂരി, ചെകുത്താന്റെ കൂട്ട്, തെരുവിന്റെ കുട്ടി, മുദ്രമോതിരം.

*തുള്ളൽക്കൃതികൾ:* മേനോന്റെ മേനി, സൊസൈറ്റി പ്രസിഡന്റ്.

*ആത്മകഥ:* ജീവിതപ്പാത.

# കമൽ ഹാസൻ എന്ന കടവുൾ ഹാസൻ



ബി.ഹരികുമാർ

**ക**മലഹാസനെക്കുറിച്ച് കേൾക്കുമ്പോൾ എനിയ്ക്ക് ഉള്ളൂർ ജംഗ്ഷനിൽ കപ്പലണ്ടിക്കച്ചവടം നടത്തുന്ന കറുപ്പയ്യയെയാണ് ഓർമ്മവരിക. ഒരു സായാഹനത്തിൽ കറുപ്പയ്യന്റെ തട്ടിൽ നിന്നും ഒരു പൊതി കപ്പലണ്ടി വാങ്ങി കൊറിച്ചുകൊണ്ടു നിൽക്കുകയായിരുന്നു. എന്റെ സിനിമാ ബന്ധത്തെക്കുറിച്ച് കേട്ടറിവുള്ള കറുപ്പയ്യൻ കുറേ ചോദ്യങ്ങൾ ചോദിച്ചു. ഞാനും പകരം കുറെ ചോദ്യമെറിഞ്ഞു.

'കറുപ്പയ്യാ ഉങ്കെ ഊരെങ്കെ...'

'പരമക്കുടി'

പരമക്കുടി കമലഹാസന്റെ ജന്മസ്ഥലമാണെന്നു കേട്ടിരുന്നു.

കമലഹാസന്റെ പേര് കേട്ടപ്പോൾ കറുപ്പയ്യൻ തവള ചാടും മാതിരി ഒറ്റച്ചാട്ടം.

'ആമാ.. അയാളെ തെരിയ..'

നന്നായി അറിയില്ലെന്നും അടൂർ ഭാസി ആദ്യമായി സംവിധാനം ചെയ്ത ആദ്യപാഠം എന്ന സിനിമയിൽ അന്ന് അത്ര വലിയ പ്രശസ്തനല്ലാത്ത കമലഹാസനാണ് നായകവേഷം കെട്ടിയതെന്നും പറഞ്ഞപ്പോൾ കറുപ്പയ്യൻ ഉള്ളു തുറന്നു.

കമലഹാസന്റെ ജന്മഗൃഹം പരമക്കുടി ജംഗ്ഷനോടു ചേർന്ന സൈഡ് റോഡിലാണ്. ചാരുഹാസൻ, ചന്ദ്രഹാസൻ, കമലഹാസൻ എന്നീ മൂന്നു സഹോദരങ്ങൾ വളർന്നത് ചെന്നൈയിലാണ്. അഡ്വക്കേറ്റായ അച്ഛൻ ചെന്നൈ കോടതിയിൽ പ്രാക്ടീസ് ചെയ്തിരുന്നു. പരമക്കുടിയിലെ പിതൃഗൃഹത്തിൽ ഇടയ്ക്കിടെ ആൾക്കാൾ കൃഷിനോക്കാൻ വന്നുപോകും. സിനിമയിൽ തിരക്കേറിയതിൽ പിന്നെ കമലഹാസൻ വരാറേയില്ല.

അങ്ങനെയിരിക്കെ കറുപ്പയ്യന്റെ അച്ഛൻ ഒരു ആക്സിഡന്റിൽ പെട്ടു നട്ടെല്ലിനു ക്ഷതം പറ്റി കിടന്നുവെന്നും മരുന്നു വാങ്ങാൻ പോലും പണമില്ലെന്നു പറഞ്ഞപ്പോൾ കറുപ്പയ്യന്റെ കഥ ട്രാജഡിയായി മാറി. ഇനിയാണു ക്ലൈമാക്സ്. അതാ കുടുംബക്ഷേത്രത്തിലെ ഉത്സവത്തിനു പങ്കെടുക്കാൻ ഹാസൻ കുടുംബത്തിലെ പ്രശസ്തനായ കലാകാരൻ സാക്ഷാൽ കമലഹാസൻ വരുന്നു. കമലഹാസന്റെ അടുത്ത് കറുപ്പയ്യൻ തന്റെ ബുദ്ധിമുട്ടു പറഞ്ഞു. ചെന്നൈക്ക് വന്നാൽ വേണ്ടതു ചെയ്യാമെന്ന് കമലഹാസൻ. പലരും പറഞ്ഞു, കടം മേടിച്ച് വണ്ടിക്കൂലിയ്ക്കുള്ള കാശൊപ്പിച്ച് ചെന്നൈയിൽ ചെന്നാൽ അയാൾ തിരിച്ചറിഞ്ഞുവെന്നു വരില്ല. ഇതൊക്കെ സിനിമാക്കാരന്റെ ജാഡയാണ്. കറുപ്പയ്യൻ അതൊന്നും വകവെച്ചില്ല. ചെന്നൈ എ.വി.എം സ്റ്റുഡിയോയിലെത്തി. കമലഹാസനെ കണ്ടതും അദ്ദേഹം അപ്പോൾ തന്നെ ജനറൽ ഹോസ്പിറ്റലിലെ ഒരു സുഹൃത്തിനെ വളിച്ചുപറഞ്ഞതും നല്ല ചികിത്സയ്ക്കുള്ള ഏർപ്പാടു ചെയ്തതും പറഞ്ഞപ്പോൾ കറുപ്പയ്യന്റെ രോമങ്ങൾ എഴുന്നേറ്റുനിന്നു. ആ നല്ലമനുഷ്യനെക്കുറിച്ചുള്ള വാക്കുകൾ കറുപ്പയ്യൻ ഒറ്റവാചകത്തിലൊതുക്കി.

'അവർ കടവുൾ. നിജമാ കടവുൾ...'

ഇനി അര നൂറ്റാണ്ടിനു മുമ്പുള്ള കഥ

കെ.എസ്.സേതുമാധവൻ സംവിധാനം ചെയ്ത കണ്ണും കരളും എന്ന സിനിമയുടെ ഷൂട്ടിംഗ് ലൊക്കേഷൻ. സത്യൻ, അംബിക, സുകുമാരി എന്നിവർ പ്രധാന താരങ്ങൾ. പാട്ടും പാടി മുറ്റത്ത് നിന്ന സുകുമാരിയെ ചെടികൾക്കിടയിൽ നിന്ന് ഒരു പാമ്പ് ഇഴഞ്ഞുവന്നു കടിക്കുന്നു (പഴയ സിനിമയാണ്. ലോജിക് നോക്കേണ്ട). അന്ന് സിനിമയിലെ ആനിമൽ സപ്ലെയർ സാൻഡോ ചിന്നപ്പതേവരാണ്. കടുവ, പുലി, സിംഹം, പാമ്പ് തുടങ്ങി ആന വരെ തേവരുടെ മൃഗശേഖരത്തിലുണ്ട്. ഉച്ചയ്ക്ക് ഷൂട്ടിംഗ് ബ്രേക്ക്. എല്ലാവരും ഊണു കഴിക്കുന്നു. സൂപ്പർ സ്റ്റാർ മൂർഖൻ പാമ്പ് ഏതോ കൂടയിൽ വിശ്രമിക്കുന്നു. കൈകഴുകാൻ പുറത്തിറങ്ങിയ സുകുമാരി കണ്ടത് ഞെട്ടിക്കുന്ന കാഴ്ച. സിനിമയിൽ തന്റെ മകനായി അഭിനയിക്കുന്ന മൂന്നു മൂന്നരവയസ്സുള്ള കുട്ടി പാമ്പിൻ കൂടയ്ക്കടുത്തേക്ക് നടക്കുന്നു. കുട്ടി മൂടിയുടെ അടപ്പ് തുറക്കുന്നു. ശ്..ശ്... സീൽക്കാര ശബ്ദത്തോടെ ചീറ്റിയുയരുന്ന പാമ്പ്. പത്തി വിടർത്തി നിൽക്കുന്ന പാമ്പിന് ഏകദേശം കുട്ടിയോളം ഉയരം! കുട്ടി പാമ്പിന്റെ പത്തിയുടെ നിറം കണ്ട് അതിൽ പിടിക്കാൻ കൈനീട്ടുന്നു. അതിനനുസരിച്ച് പാമ്പ് തല പിറകോട്ട് വലിക്കുന്നു. സുകുമാരി തക്ക സമയത്ത് ബഹളം കൂട്ടി കുട്ടിയെ പാമ്പിൽ നിന്നു രക്ഷിച്ചു. വിഷപ്പല്ല് പറിച്ച പാമ്പാണെങ്കിലും പാമ്പ് പാമ്പ് തന്നെ.

അന്നത്തെ ആ പാമ്പിനോട് കളിച്ച മൂന്നരവയസ്സുകാരൻ ആരെന്നറിയുമോ? പിൽക്കാലത്ത് കൊമ്പേരി മൂർഖൻ. രണ്ടാം വെമ്പാല അണലി, അനാക്കൊണ്ടാ തുടങ്ങി കൊടും വിഷമുള്ള പാമ്പുകൾ നിറഞ്ഞ സിനിമാരംഗത്തെ വരുതിയിലാക്കി വിജയിച്ചുകയറിയ കമലഹാസൻ.

ഇൻഡ്യൻ സിനിമയുടെ ഒരു അത്ഭുതമാണ് കമലഹാസൻ. സിനിമയുടെ പെർഫെക്ഷനുവേണ്ടി ഇത്രയേറെ കഷ്ടപ്പെടുന്ന നടന്മാർ വിരളമാണ്. ഇൻഡ്യൻ എന്ന സിനിമയ്ക്കുവേണ്ടി അറുപതിൽ താഴെയുള്ള കമലഹാസനെ എൺപതിനുമുകളിലാക്കാൻ അദ്ദേഹം മേക്കപ്പ്മാന്റെ മുമ്പിലിരുന്നത് അഞ്ചരമണിക്കൂറാണ്. പത്തു വേഷങ്ങൾ കെട്ടിയ ദശാവതാരം സിനിമയ്ക്ക് അപരിചിതമല്ല. പക്ഷെ, അതിലൊന്നു അമേരിക്കൻ പ്രസിഡന്റ് ജോർജ് ബുഷ് ആവുമ്പോഴാണ് അതിശയം. അവ്വൈഷൺമുഖി എന്ന സിനിമ റീലിസായ ശേഷം ചെന്നൈയിൽ നാല്പതിനു മുകളിൽ പ്രായമുള്ള സ്ത്രീകളെ വിശേഷിപ്പിക്കുന്നത് അവ്വൈഷൺമുഖി! ആർഷഭാരത സംസ്കാരത്തെയും ഇൻഡ്യൻ പാരമ്പര്യത്തെയും കുറിച്ച് ഏറെ ധാരണയുള്ള ഒരു കലാകാരനാണ് കമലഹാസൻ. ഫ്രീഡം അറ്റ് മിഡ് നൈറ്റടക്കം ഇന്ത്യയെക്കുറിച്ച് കിട്ടാവുന്ന പുസ്തകങ്ങളൊക്കെ വായിക്കുന്നു. അതാണ് ഹേ റാം എന്നൊരു സിനിമയുണ്ടാക്കാൻ അദ്ദേഹത്തിനു പ്രചോദനമായത്. മഹാത്മഗാന്ധിയുടെ കഥ എന്നതിനുപരി ഇൻഡ്യൻ ദേശാഭിമാനത്തിന്റെ കഥയാണ്.. ഹേ റാം.

ഇന്ന് അറുപതിലെത്തിയ യുവാവാണ് കമലഹാസൻ. അദ്ദേഹത്തിനു ആശംസകളർപ്പിക്കാൻ എനിക്കു വാക്കുകൾ കടമെടുക്കേണ്ടി വന്നിട്ടില്ല. അത് ഹൃദയത്തിൽനിന്നു വരുന്നവയാണ്. 'അവർ കടവുൾ നിജമാ കടവുൾ.'

കറുപ്പയ്യന്റെ വാക്കുകൾ ശരിയാണ്. അവർ ദൈവമാണ്. ദൈവത്തിനുമാത്രം ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യുന്നവനാണ്.

ആശംസകൾ. അറുപതിലെത്തിയ കമൽഹാസൻ എന്ന കടവുൾ ഹാസന്.

**ഇന്ന് അറുപതിലെത്തിയ യുവാവാണ് കമലഹാസൻ. അദ്ദേഹത്തിനു ആശംസകളർപ്പിക്കാൻ എനിക്കു വാക്കുകൾ കടമെടുക്കേണ്ടി വന്നിട്ടില്ല. അത് ഹൃദയത്തിൽനിന്നു വരുന്നവയാണ്. 'അവർ കടവുൾ നിജമാ കടവുൾ.' കറുപ്പയ്യന്റെ വാക്കുകൾ ശരിയാണ്. അവർ ദൈവമാണ്. ദൈവത്തിനുമാത്രം ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യുന്നവനാണ്. ആശംസകൾ. അറുപതിലെത്തിയ കമൽഹാസൻ എന്ന കടവുൾ ഹാസന്.**

# മുതുകുളം രാഘവൻപിള്ള

## മലയാളചലച്ചിത്രമേഖലയിലെ എഴുത്തച്ഛൻ

സുകുമാരൻ മുതുകുളം





**ഫി**ലിം ചേംബർ ഓഫ് കൊമേഴ്സിന്റെ എറണാകുളത്തെ ആഫീസ്. പുറത്ത് ആരുമില്ല. അകത്ത് ഒരു സ്ത്രീ ഇരിപ്പുണ്ട്. അവിടുത്തെ സ്റ്റെനോഗ്രാഫർ.

മുഷിഞ്ഞ വേഷം ധരിച്ച്, കാഴ്ചയിൽ പ്രാകൃതനെന്നു തോന്നുന്ന, പ്രായമായ ഒരു മനുഷ്യൻ അകത്തേക്കു കടന്നുചെന്നു. വേച്ചുപോകുമ്പോൾ വേണമെങ്കിൽ വടിയായിക്കൂടി ഉപയോഗിക്കാവുന്ന ഒരു പഴയ കാലൻകുടയുമുണ്ട് കൂട്ടിന്.

'കടന്നു പുറത്തുപോ.. ഇതൊരാഫീസാണെന്നറിയില്ലേ...'

കാഴ്ചയിൽത്തന്നെ ഭിക്ഷക്കാരനാണെന്നു തോന്നിയതുകൊണ്ടാവണം, ആ സ്ത്രീയുടെ ശബ്ദം വീണ്ടും ഉയർന്നു.

'അടുത്ത കടകളിലെങ്ങാനും ചെന്നാൽ വല്ലതും കിട്ടും. ഇവിടെ നിന്നിട്ടൊരു കാര്യവുമില്ല.'

തികഞ്ഞഅസ്വാരസ്യത്തോടെ തന്നെ ആട്ടി ഇറക്കാൻ നോക്കുന്ന സ്ത്രീയുടെ മുഖത്തേക്ക് തറപ്പിച്ചുനോക്കിയിട്ട് ആ മനുഷ്യൻ പറഞ്ഞു.

'ഞാൻ ഭിക്ഷ യാചിക്കാൻ വന്നതല്ല. ഇത് ആഫീസാണെന്നറിയാം. ഏത് ആഫീസാണെന്നും അറിയാം. അവശകലാകാരന്മാർക്കുള്ള പെൻഷൻ അപേക്ഷ സമർപ്പിക്കാൻ വന്നതാണ്.'

ഇത്രയും പറഞ്ഞിട്ട് തോളിൽ തൂക്കിയിരുന്ന തുണിസഞ്ചിയിൽ നിന്ന് ഒരു അപേക്ഷ എടുത്ത് ആഫീസിലെ മാനേജരുടെ മേശപ്പുറത്തുവച്ചിട്ട് അദ്ദേഹം ഇറങ്ങിപ്പോയി. ക്ഷീണിതമെങ്കിലും അഭിമാനം തുളുമ്പുന്ന ഉറച്ച ശബ്ദത്തിലുള്ള മറുപടികേട്ട് ആ സ്ത്രീ ഏതാനും നിമിഷം പകച്ചിരുന്നുപോയി.

ആഗതൻ പുറത്തു കടക്കാത്ത താമസം ആ സ്ത്രീ ഉദ്വേഗത്തോടെ ചെന്ന് ആ അപേക്ഷ എടുത്തു തുറന്നുനോക്കി. അതിൽ എഴുതിയിരിക്കുന്ന പേരു കണ്ടപ്പോൾ അവർ അത്ഭുതപ്പെട്ടുപോയി.

മുതുകുളം രാഘവൻപിള്ള!

'ബാലൻ' എന്ന മലയാളത്തിലെ ആദ്യത്തെ ശബ്ദചിത്രത്തിനെ അടിമുടി അണിയിച്ചൊരുക്കി, വാൻഗാർഡായി, കാലത്തിനു മുൻപേ നടന്ന പ്രതിഭാശാലി. ഒരു അലങ്കാരത്തിനുവേണ്ടി പ്രതിഭാശാലി എന്നു പറഞ്ഞതുകൊണ്ടായില്ല. കഥയും തിരക്കഥയും സംവിധാനവും ഗാനരചനയും അഭിനയവുമെല്ലാം വഴങ്ങുമെന്നു തെളിയിച്ച അസാമാന്യപ്രതിഭ. അതും കേരളത്തിന്റെ പ്രകൃതിഭംഗി ഒഴികെ ചലച്ചിത്രനിർമാണത്തിനുവേണ്ട യാതൊരു ഭൗതികസാഹചര്യങ്ങളും ഇവിടെ നിലവിലില്ലാതിരുന്ന കാലഘട്ടത്തിലാണ് എന്നും കൂടി ഓർക്കണം. ഈതിബാധകൾ കൂടാതെ കമ്പനിനാടകങ്ങൾപോലും, തട്ടും മുട്ടുമില്ലാതെ നടത്തിക്കൊണ്ടുപോകണമെങ്കിൽ പൊട്ടക്കനയത്തു വേലുപ്പിള്ളയെ പോലെയുള്ള പ്രമാണികളുടെ ഒത്താശയും സംരക്ഷണവും വേണ്ടിവന്നിരുന്ന സമയം. പിന്നല്ലേ ആരും സുഗമമായ പാത വെട്ടിത്തെളിച്ചിട്ടില്ലാതിരുന്ന ചലച്ചിത്രമേഖല.

'ബാല'ന്റെ തിരക്കഥയും സംഭാഷണവും മാത്രമല്ല, കഥാപുരുഷൻ നിർവ്വഹിച്ചത്. ആ ചിത്രത്തിനുവേണ്ട മുഴുവൻ ഗാനങ്ങളും എഴുതികൊഴുപ്പിച്ച, മലയാള സിനിമാരംഗത്തെ ആദ്യത്തെ ഗാനരചയിതാവിന്റെ ഇരിപ്പിടം കൂടി അദ്ദേഹം സ്വയം ഒരുക്കിഎടുക്കുകയായിരുന്നു.

സിനിമയെപ്പറ്റി സമഗ്രപഠനം നടത്തി 'സിനിമ മിഥ്യയും സത്യവും' എന്ന ബൃഹദ്ഗ്രന്ഥം രചിച്ച തോട്ടം രാജശേഖരൻ ഇതിന്റെ വിശ്വാസ്യത സാക്ഷ്യപ്പെടുത്തുന്നത് ഇങ്ങനെയാണ്.

'1938ൽ സേലത്തെ മോഡേൺ തീയേറ്റേഴ്സിൽ റ്റി.ആർ. സുന്ദരം പണം മുടക്കി എസ്. നെട്ടോണി മേൽനോട്ടം വഹിച്ച് ഒരുക്കിയെടുത്ത ബാലന്റെ പണിപ്പുരയിലെ കൈകളെല്ലാം മലയാളിയുടേതു തന്നെയായിരുന്നു. മുതുകുളം രാഘവൻപിള്ള കഥയും സംഭാഷണവും ഗാനങ്ങളും ....'

കേരളത്തിലെ സാമൂഹികാന്തരീക്ഷം കൊണ്ടുവരാനുള്ള ശ്രമവും മുതുകുളം രാഘവൻപിള്ളയുടെ ഈ കൃതിയിൽ സ്പഷ്ടമായി കാണാമെന്ന കാര്യവും തോട്ടം രാജശേഖരൻ എടുത്തു പറഞ്ഞിട്ടുണ്ട്. രണ്ടാനമ്മയുടെ ക്രൂരത, ജാരസംഗമം, കുട്ടികളോടു കാട്ടുന്ന മനുഷ്യത്വമില്ലായ്മ, ചട്ടമ്പികളുടെ സ്വൈരവിഹാരം, കൊലപാതകം തുടങ്ങി അന്നു നിലനിന്നിരുന്ന സാമൂഹിക തിന്മകളിലേക്ക് വിരൽ ചൂണ്ടിക്കൊണ്ടാണ് ബാലന്റെ കഥയുടെ ചുരുളഴിയുന്നത്.

വിനോദത്തിൽ കവിഞ്ഞ ലക്ഷ്യമില്ലാതെ, നാടകവും സിനിമയും മാത്രമല്ല, സകല കലാസാഹിത്യ സംരംഭങ്ങളും ഏറെക്കുറെ ജീവിതത്തിന്റെ മുകൾപ്പരപ്പിലൂടെ ഒഴുകി നടന്ന ഒരു കാലഘട്ടമായിരുന്നല്ലോ അത്. മറ്റു തെന്നിന്ത്യൻ സിനിമകളാണെങ്കിൽ മുക്കാലേമുണ്ടാണിയും പുരാണകഥകളിൽ അഭിരമിച്ചു കഴിയുകയുമായിരുന്നു. ഈ പശ്ചാത്തലമെല്ലാം കണക്കിലെടുത്തുകൊണ്ടുവേണം, സിനിമയ്ക്കു വേണ്ടി ചമച്ച കഥയിൽ തിന്മയ്ക്കു നേരെ സമൂഹമനഃസാക്ഷിക്കു പ്രതികരിക്കാനുള്ള പ്രേരണയും സന്ദേശവും കഥാപുരുഷൻ അടക്കം ചെയ്തിരുന്നത് എന്ന കാര്യവും ഓർത്തിരിക്കേണ്ടത്. കഥയുടെ സാഹിത്യമൂല്യവും ശിൽപഭംഗിയുമൊക്കെ അളക്കാൻവേണ്ട മുഴക്കോൽ എടുക്കാനാണു ഭാവമെങ്കിൽ ഒരു വാക്ക്. അന്ന് മലയാളത്തിലെ കഥാസാഹിത്യത്തിന്റെ നിലവാരവും മേന്മയും ഏതു പടവുവരെ എത്തിയിരുന്നു എന്ന കാര്യം കൂടി ഓർക്കുന്നതു നന്ന്.

തിക്കുറിശ്ശി സുകുമാരൻ നായർ പിന്നീട് സൂപ്പർ സ്റ്റാർ ആയി വളരാൻ പടവ് ഒരുക്കിയത് 'ജീവിതനൗക' എന്ന ആദ്യത്തെ ബോക്സ് ആഫീസ് ഹിറ്റ് സിനിമയുടെ തിരക്കഥയും മുതുകുളത്തിന്റെ തൂലികയിലൂടെ വാർന്നുവീണതാണ്. പിന്നങ്ങോട്ട് നല്ലതങ്ക, വാഴ്വേമായം, വിരുതൻ ശങ്കു തുടങ്ങി എത്രയെത്ര ചലച്ചിത്രങ്ങളുടെ കഥയും സംഭാഷണവും ആ പ്രതിഭയിൽ നിന്ന് ഊർന്നിറങ്ങി. കാവ്യമേള, പൊൻകതിർ, പുനർജന്മം, കുടുംബിനി, കണ്ണും കരളും, യാചകി തുടങ്ങി നിരവധി ചിത്രങ്ങളിൽ മികവു തെളിയിച്ചിട്ടുണ്ട്. പ്രേംനസീർ, ആറന്മുള പൊന്നമ്മ തുടങ്ങി 'തേച്ചുമിനുക്കിയാൽ കാന്തിയും മൂല്യവും, വായ്ക്കുന്ന എത്രകണ്ട് അഭിനയപ്രതിഭകളെ' ആ ക്രാന്തദർശി കണ്ടെത്തി മലയാള സിനിമാലോകത്തിനു സംഭാവന ചെയ്തിരിക്കുന്നു.

ജീവിച്ചിരുന്നെങ്കിൽ ഇപ്പോൾ 115 വയസ്സു തികയുമായിരുന്ന കഥാപുരുഷൻ, വേലുപ്പിള്ളയുടെയും കാർത്യായനിയമ്മയുടെയും മകനായി, കലാ-സാംസ്കാരിക പാരമ്പര്യത്തിന്റെ വേരോട്ടമുള്ള മുതുകുളം ഗ്രാമത്തിലാണ് ജനിച്ചത്. മരുമക്കത്തായവും കൂട്ടുകുടുംബവ്യവസ്ഥിതിയും, ചോദ്യം ചെയ്യപ്പെടാൻ കഴിയാത്ത അമ്മാവൻ ഭരണവും നിലനിന്നിരുന്ന കാലം. വെർണാക്കുലർ സ്കൂളിൽ നിന്ന് ഹയറും (ഒമ്പതാം ക്ലാസ്) ട്രെയ്നിംഗും കഴിഞ്ഞാൽ അദ്ധ്യാപക ജോലി കിട്ടുമായിരുന്ന സമയം. (അദ്ദേഹത്തിന്റെ സഹോദരൻ സി.വി. രാമൻപിള്ളസാർ മുതുകുളം എസ്.എൻ.എം.ഇംഗ്ലീഷ് സ്കൂളിൽ ഈ ലേഖകന്റെ അദ്ധ്യാപകനായിരുന്നു). കലാപ്രവർത്തനങ്ങളോട് അദമ്യമായ അഭിവാച്ഛ ഉള്ളിൽ നാമ്പിട്ടിരുന്നതിനാൽ അദ്ദേഹം പഠിത്തം ഉപേക്ഷിച്ച് ആ വഴിക്കു തിരിയുകയായിരുന്നു. അങ്ങനെ ആദ്യം നാടകസമിതികളുമായി സഹകരിച്ചു സഞ്ചരിക്കുമ്പോഴും നാടകരചനയും, സംവിധാനവും അഭിനയവുമെല്ലാം ആ പ്രതിഭാശാലിക്കു വഴങ്ങുമായിരുന്നു. സാമാന്യം നല്ല നിലയിൽ അറിയപ്പെടുന്ന 55 നാടകങ്ങളെങ്കിലും അദ്ദേഹത്തിന്റേതായിട്ടുണ്ട്. താടകപരിണയം എന്നൊരു ആട്ടക്കഥ വേറെയും. ഏതാണ്ട് നൂറ്റിയമ്പതോളം ചലച്ചിത്രങ്ങളിൽ അഭിനയിച്ചു. അതിൽ മുഴുനീളൻ ഹാസ്യചിത്രമായ 'വിരുതൻ ശങ്കു'വും ഉൾപ്പെടും. തമിഴ് ചിത്രമായ 'മഹിത'ന്റെ കഥയും മുതുകുളം ചമച്ചതാണ്.

തോപ്പിൽഭാസിയുടെ 'നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി' എന്ന നാടകം അവതരിപ്പിക്കുന്നതിന് സർക്കാർ നിരോധനം ഏർപ്പെടുത്തുന്നത് നമ്മളെല്ലാം കണ്ടിട്ടും കേട്ടിട്ടുമുണ്ട്. അതിന് എത്രയോ മുൻപ് മുതുകുളം എഴുതിയ 'സുധീരൻ എം.ബി.ബി.എസ്' തിരുവിതാംകൂർ സർക്കാർ മൂന്നുപ്രാവശ്യമാണ് നിരോധിച്ചത്.

മലയാള സിനിമ വളരുമ്പോൾ അതിന്റെ ആദ്യകാല അക്ഷരഗുരുവായ മുതുകുളം രാഘവൻപിള്ള തളരുകയായിരുന്നു. 'ഒരു ജാതി ഒരു മതം' എന്ന ചിത്രം സ്വന്തമായി നിർമ്മിച്ചതോടെ മലയാള സിനിമയ്ക്കുവേണ്ടി ആയുസ്സും വപുസ്സും ഉഴിഞ്ഞുവച്ച ആ കലാസ്നേഹിയുടെ സാമ്പത്തികത്തകർച്ച അതിന്റെ പാരമ്യത്തിൽ എത്തിയിരുന്നു.

അവശത അനുഭവിക്കുന്ന സിനിമാ കലാകാരന്മാർക്കു സാമ്പത്തിക സഹായം നൽകാനുള്ള ആദ്യപദ്ധതി പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടറായിരുന്ന തോട്ടം രാജശേഖരന്റെ ഭാവനാ സന്താനമായിരുന്നു. വകുപ്പ് കൈയാളിയിരുന്ന മന്ത്രി കെ. കരുണാകരനും ഇതിനുവേണ്ട സാമ്പത്തിക സഹായം സർക്കാർ ഖജനാവിൽ നിന്നു ലഭിക്കാതെ വന്നപ്പോൾ പി.ആർ.ഡി നടത്തിവന്ന ആദ്യകാല ചലച്ചിത്ര അവാർഡുകളിൽ നിന്നു മിച്ചം പിടിക്കാൻ കഴിഞ്ഞ തുകകൊണ്ടാണ് പദ്ധതി തുടങ്ങിയത്. സാമ്പത്തിക തകർച്ചയുടെ നെല്ലിപ്പലക കണ്ടുനിന്ന മുതുകുളം രാഘവൻപിള്ളക്ക് നമസ്തേന്ന് പെൻഷൻ നൽകിക്കൊണ്ടാണ് തുടക്കം കുറിച്ചത്.

പിന്നീടൊരിക്കൽ ഈ മണിയോർഡറും കാത്തിരുന്ന മുതുകുളം അതു കിട്ടാതെ കോടമ്പാക്കത്തെ തപാൽ ആഫീസിൽ നിന്ന് നിരാശയോടെ മടങ്ങിപ്പോകുന്ന കാഴ്ച പ്രസിദ്ധ സംവിധായകൻ കമൽ ഓർക്കുന്നത് ഇങ്ങനെയാണ്. അന്ന് കമൽ സംവിധാനത്തിന്റെ ഹരിശ്രീ പഠിക്കാൻ അവിടെ കഴിയുകയായിരുന്നു.

'പോസ്റ്റുമാന്റെ വരവും കാത്ത് ഞാൻ പോസ്റ്റാഫീസിലെ സിമന്റ് ബഞ്ചിലിരുന്നു.... ഒരു വരണ്ട ചുമ. ഞാൻ തിരിഞ്ഞുനോക്കി. പ്രായമായ ഒരു മനുഷ്യൻ ബഞ്ചിൽ എന്റെയരികിൽ വന്നിരുന്നു. അയാൾക്ക് ചുമ നിയന്ത്രിക്കാനാവുന്നില്ല. ഓരോ ചുമയിലും അയാളുടെ നെഞ്ചിൻകൂട് കുലുങ്ങിക്കൊണ്ടിരുന്നു. ഞാനാമുഖത്തേക്കു നോക്കി. കണ്ടുപരിചയമുള്ള മുഖമാണ്... എനിക്കു പിടികിട്ടി. മുതുകുളം രാഘവൻപിള്ള. ഒരു ചെറുഞെട്ടലോടെ ഞാൻ ചോദിച്ചു. എന്താ ഇവിടെ? 'അവശകലാകാരന്മാർക്കുള്ള പെൻഷൻ വാങ്ങാൻ വന്നതാ'

ആ മണിയോർഡർ വന്നിട്ടു വേണം മരുന്നു വാങ്ങാൻ. പോസ്റ്റുമാൻ വന്നു. കമലിന് അച്ഛനയച്ച മണിയോർഡർ കിട്ടി. മുതുകുളത്തിനു മണിയോർഡർ വന്നിട്ടില്ല. ആരുടെയും മുഖത്തുനോക്കാതെ, തോൾ സഞ്ചിയിൽ മുറുകെ പിടിച്ച് വെയിലിനും ചുമയ്ക്കുമൊപ്പം റോഡിലേക്കിറങ്ങിയ മുതുകുളത്തിന്റെ പുറകെ ചെന്നിട്ട് 'എനിക്ക് മണിയോർഡർ കിട്ടി. അതിൽ നിന്നു കുറച്ചു കാശു തരട്ടെ...' എന്നു ചോദിച്ചു. വേണ്ടെന്നു പറഞ്ഞ് തലയാട്ടി നടന്നുപോയി.

'കുറേദിവസങ്ങൾക്കുശേഷം ഈ സംഭവം ഞാൻ കൊച്ചിൻ ഹനീഫയോടു പറയുകയായിരുന്നു. ഹനീഫ ചോദിച്ചു. 'എപ്പോഴാണു സംഭവം? അങ്ങേര് കഴിഞ്ഞയാഴ്ച മരിച്ചുപോയല്ലോ' എന്ന്. മലയാളത്തിലെ ആദ്യ ശബ്ദസിനിമയുടെ മുഖ്യശില്പി മരിച്ചത് അക്കാലത്തെ സിനിമയുടെ ഈറ്റില്ലമായ കോടമ്പാക്കത്തെ സിനിമാവൃത്താന്തങ്ങളിലും പത്രങ്ങളിലും ശ്രദ്ധേയമായ ഒരു വാർത്തപോലുമല്ലായിരുന്നു.

കലയിൽ കാമിനിയെ കണ്ട ആ കലാകാരൻ അവിവാഹിതനായാണ് കാലത്തിനു കീഴടങ്ങിയത്. മലയാള സിനിമയുടെ ഈ എഴുത്തച്ഛന്റെ ഭാവി ദീർഘദർശനം ചെയ്തതു കൊണ്ടാണോ എന്നറിയില്ല, മലയാളഭാഷയുടെ സാക്ഷാൽ എഴുത്തച്ഛൻ 'അന്നന്നു കണ്ടതിനെ വാഴ്ത്തുന്നു മാമുനികൾ' എന്നു കുറിച്ചിട്ടത്.

ജന്മനാട്ടിലെ ഒരുകൂട്ടം കലാസ്നേഹികൾ ചേർന്ന് രൂപം നൽകിയ മുതുകുളം രാഘവൻപിള്ള സാംസ്കാരിക സമിതി ഏർപ്പെടുത്തിയ ഒരു പുരസ്കാരം മാത്രമാണ് ഈ പ്രതിഭയുടെ മേൽ വന്നു മൂടുന്ന വിസ്മൃതിയുടെ ചാരം നീക്കാനുള്ള ഒരേയൊരു ശ്രമം.



# ഗുണ്ടർട്ടിന്റെ നാട്ടിൽ നിന്നെത്തിയ പെൺകുട്ടി

**കൊച്ചി** ആസ്ഥാനമാക്കി പ്രവർ ത്തിക്കുന്ന ജർമ്മൻ സ്കൂൾ ഓഫ് ഇന്റർനാഷണലിലെ ഫാക്കൽട്ടി അംഗമായി ചാർജെടുത്ത ജോഹ നാ ജാഗർ മലയാളത്തിന്റെ നിറദീപമായ സുഗതകുമാരിയെ തേടിയെത്തി.

മിഷനറിപ്രവർത്തനത്തിന്റെ ഭാഗമായി മലയാളക്കരയിലെത്തുക യും ഇവിടുത്തെ ഭാഷയും സംസ് കാരവും മനസ്സിലാക്കി ആ ഭാഷ പഠിക്കുകയും മലയാളിക്ക് എക്കാലവും അനുസ്മരിക്കത്തക്ക നിഘണ്ടുവും മലയാളം ബൈബിളും തയ്യാറാക്കി സമ്മാനിക്കുകയും ചെയ്ത ഹെർമ്മൻ ഗുണ്ടർട്ടിന്റെ നാട്ടിൽ നിന്നുമാണ് ജോഹനാ ജാഗർ വരദയിലെത്തിയത്.

മൂന്നുപ്രാവശ്യം ജർമ്മനിയിൽ വരുവാൻ അവസരം ലഭിച്ചിട്ടുണ്ടെന്നും, മലയാളത്തെ സ്നേഹിച്ചു, പൂജിച്ച ഗുണ്ടർട്ടിന്റെ വസതി കാണുവാൻ കഴിഞ്ഞു എന്നതിലും വലിയ സന്തോഷമുണ്ടെന്നും പറഞ്ഞുകൊണ്ട് സുഗതകുമാരി അവിസ്മരണീയമായ ഒരു കഥ പറയുകയുണ്ടായി.

ആദ്യത്തെ പ്രാവശ്യം ജർമ്മനിയിൽ പോകുവാൻ തയ്യാറെടുക്കുമ്പോൾ അച്ഛൻ ബോധേശ്വരൻ കിടപ്പിലായിരുന്നു. പോകുന്നുവെന്നറിഞ്ഞപ്പോൾ അച്ഛൻ പറഞ്ഞു.

'സുഗതേ, നീ ജർമ്മനിയിൽ എത്തുമ്പോൾ ആ രാജ്യത്തെ രണ്ടായി വെട്ടിമുറിച്ച മതിൽ പോയി കാണണം. അതിൽ സ്പർശിച്ചുകൊണ്ട് ഈ മതിൽ ഈ രാജ്യത്തിന് ആവശ്യമില്ലെന്നു പറയണം. ആ മതിൽ ഇല്ലാതാകുന്നതിനുവേണ്ടി പ്രാർത്ഥിക്കണം. ഇന്ത്യയുടെ തെക്കേയറ്റത്തു സ്ഥിതി ചെയ്യുന്ന കേരളത്തിലുള്ള ഒരു വയോവൃദ്ധന്റെ പ്രാർത്ഥനയാണിതെന്ന് അവിടെയുള്ളവരോട് പറയണം.'

സുഗതകുമാരി ജർമ്മനിയിൽ എത്തിയപ്പോൾ അച്ഛൻ പറഞ്ഞതോർത്തു. ജർമ്മൻ മതിൽ കണ്ടു. അതിൽ തൊട്ടു. അച്ഛനെ സ്മരിച്ചുകൊണ്ട് അച്ഛൻ പറഞ്ഞതുപോലെ ചെയ്തു.

ഇന്ത്യയിൽ നിന്നും വന്ന ഒരു കവി മതിലിനെ തൊട്ടുകൊണ്ട് എ ന്തൊക്കെയോ പറയുന്നു. അതെന്താണെന്ന് അറിയുവാൻ ഗൈ ഡിനും മറ്റുള്ളവർക്കും താല്പര്യം. അച്ഛൻ പറഞ്ഞ കാര്യങ്ങളെല്ലാം സുഗതകുമാരി അവരോടു പറഞ്ഞു.

കേട്ടു നിന്നവരുടെ കണ്ണുകൾ നിറഞ്ഞുതുളുമ്പി. യുദ്ധം വെട്ടിമുറിച്ച ജനതയുടെ മനോവികാരമായിരുന്നു ആ കണ്ണുനീർച്ചാലുകളിലൂടെ പ്രകടമായത്.

സാഹിത്യസമ്മേളനവുമായി ബന്ധപ്പെട്ട് രണ്ടാമതും സുഗതകുമാരി ജർമ്മനിയിൽ എത്തി. അച്ഛന്റെ പ്രാർത്ഥന ഫലിച്ചിരിക്കുന്നു. അ ദ്ദേഹം ആഗ്രഹിച്ചതുപോലെ പൂർവ്വ ജർമ്മനിയേയും ഉത്തരജർമ്മനിയേയും വേർതിരിച്ചിരിക്കുന്ന മതിൽക്കെട്ട് പൊളിച്ചുമാറ്റിയിരിക്കുന്നു. അതറിയുവാൻ അച്ഛൻ ഉണ്ടായിരുന്നില്ല.

നിസ്വാർത്ഥജീവിതം നയിച്ച് മഹാത്മജിയെ മനസ്സിലേറ്റി സമരഗാനങ്ങൾ എഴുതി കേരളജനതയിൽ ദേശിയബോധം സൃഷ്ടിച്ച ബോധേശ്വരന്റെ പ്രാർത്ഥന ഈശ്വരൻ കേട്ടു.

കേരളത്തെയും ഭാഷയെയും സ്നേഹിച്ച ഗുണ്ടർട്ട്. ആ നാട്ടിൽ നിന്നും നിന്നും വന്ന പെൺകുട്ടിയോട് ഗുണ്ടർട്ടിനെക്കുറിച്ചും ജർമ്മൻ മതിലിനെക്കുറിച്ചും സുഗതകുമാരി പറഞ്ഞു നിർത്തിയപ്പോൾ സ്നേഹത്തിന്റെയും പ്രാർത്ഥനയുടെയും മുന്നിൽ രാജ്യങ്ങൾ ഇല്ലാതാകുന്നതായും മനുഷ്യൻ മാത്രമാണ് പരമമായ സത്യമെന്നും ഒരിക്കൽകൂടി ബോധ്യമാകുകയായിരുന്നു.

## എന്റെ ഭാരതം

**ചുനക്കര രാമൻകുട്ടി**






**പാ**രതന്ത്ര്യത്തിൽനിന്നും
മോചനം ലഭിച്ചപ്പോൾ
ഭാരതം വളർച്ചതൻ
പടികൾ കടന്നേറെ.
ശക്തമായ് വ്യവസായ
രംഗവും, വളരുന്ന
ശക്തിയായ് രാജ്യം സൈന്യ
ബലത്തിൽ, കൃഷിയിലും.

ആണവ നിലയങ്ങൾ
ഗഗന നിരീക്ഷണം
'ചാന്ദ്രയാൻ' ഉയർത്തിയ
ആത്മവിശ്വാസങ്ങളും
രാജ്യത്തിന്നഭിമാന-
സ്തംഭമാം മഹാന്മാരീ-
നാടിന്റെ പുണ്യം ഇന്നും
ചരിത്രം രചിക്കുന്നു.

ചന്ദ്രനിൽനിന്നും ഒറ്റ-
ക്കുതിപ്പിൽ പിഴയ്ക്കാതെ
'മംഗൾയാൻ' മുത്തംചാർത്തി
ചൊവ്വയിൽ, അഭിമാനം
ഭാരതമക്കൾക്കുള്ളിൽ
കടലായ് ഇരമ്പുന്നു,
ലോകമൊക്കെയും കണ്ടു
വിസ്മയപുതപ്പുമായ്.

പുത്തൻനൈശ്വര്യത്തിന്റെ
പടികൾ കെട്ടിപ്പൊക്കി
സത്യധർമ്മങ്ങൾ കാക്കും
നവഭാരതത്തിനായ്
ഇപ്പോഴും അഹോരാത്രം
രാഷ്ട്രശില്പികൾ, യുവ-
ശാസ്ത്രലോകവും ബദ്ധ-
ചിത്തരായ് കുതിക്കുന്നു.

Managing Editor: Mathew George. 130 Alburger Ave, Philadelphia. PA 19115, Tel: 267-991-2111. Chief Editor: George Thazhakara (Saboo George).
Tel:0479-2300668, 94473 55710 e-mail:georgethazhakara@gmail.com. Indian Office: Mitranikethan, Mavelikara 690 102, Kerala, India.